


# ഭക്ഷണത്തിനുള്ള അവകാശം ക്യാമ്പെയിൻ

## (RIGHT TO FOOD CAMPAIGN)

## പഠന സഹായി

തിരുവനന്തപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി
വെള്ളയമ്പലം, തിരുവനന്തപുരം- 3

Bhashanathinulla Avakasham - Campaign

*Original source from CBCI commission for Jusitice,Peace and Development and Kerala Labour Moment*

*Published by :*
*Trivandrum Social Service Society*
*Bishop's House Compound*
*Vellayambalam Thiruvananthapuram -695003*

*19th March 2011*



## ഉള്ളടക്കം

I. ആമുഖം
II. പദസൂചിക
III. 'ഭക്ഷണത്തിനുള്ള അവകാശം' - പിന്നാമ്പുറം
IV. 'ഭക്ഷണത്തിനുള്ള അവകാശം' - പദ്ധതികൾ
1. പൊതുവിതരണ സമ്പ്രദായം - PDS
2. അന്ത്യോദയ അന്നയോജന - AAY
3. അന്നപൂർണ്ണ പദ്ധതി - APS
4. സംയോജിത ശിശുവികസന പദ്ധതി - ICDS
5. ഉച്ചഭക്ഷണ പദ്ധതി - MDMS
6. ദേശീയ കുടുംബാനുകൂല്യ പദ്ധതി - NFBS
7. ദേശീയ പ്രസവാനുകൂല്യ പദ്ധതി - NMBS
8. ദേശീയ വാർദ്ധക്യപെൻഷൻ പദ്ധതി - NOAPS XI.
9. ദേശീയ തൊഴിലുറപ്പ് പദ്ധതി - NREGA
V. പരാതി പരിഹാര മാർഗ്ഗങ്ങൾ
VI. വിവരാവകാശ നിയമം, ഭക്ഷണത്തിനുള്ള അവ കാശത്തെസംബന്ധിച്ചുള്ള വെബ്സൈറ്റുകൾ
VII ഭക്ഷണത്തിനുള്ള അവകാശത്തിന്റെ പദ്ധതിയുമായി ബന്ധപ്പെട്ട പത്ത് കല്പനകൾ
VIII. ജനകീയ പ്രസ്ഥാനങ്ങളുടെ സംഘാടന, കമ്മീഷനുമായുള്ള നെറ്റ്വർക്ക് സിസ്റ്റം

# ‘ഭക്ഷണത്തിനുള്ള അവകാശം’ ഭരണഘടനാ വ്യവസ്ഥകൾ

വകുപ്പ് 21 : “ഏതൊരാളുടെയും ജീവനും വ്യക്തിസ്വാതന്ത്ര്യവും നിയമം വ്യവസ്ഥ ചെയ്യുന്ന നടപടി പ്രകാരമല്ലാതെ എടുത്തു കളയാൻ പാടില്ല” .

വകുപ്പ് 39 (a) : “എല്ലാ പൗരൻമാർക്കും, അതായത് സ്ത്രീകൾക്കും പുരുഷൻമാർക്കും ഒരുപോലെ ജീവിത മാർഗ്ഗത്തിനുള്ള സാധ്യതകൾ ലഭിക്കാൻ അവാകശമുണ്ട്” .

വകുപ്പ് 47 : “ പൊതുജനങ്ങളുടെ ജീവിത നിലവാരം ഉയർത്തുകയും പൊതുജനാരോഗ്യം മെച്ചപ്പെടുത്താൻ വേണ്ട നടപടികൾ എടുക്കുകയും ചെയ്യുക”.

# ദേശിയ ഭക്ഷ്യസുരക്ഷാ നിയമം

* സമൂഹത്തിലെ ദരിദ്രരുടെയും ദുർബല വിഭാഗങ്ങളുടെയും ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുക. വിശപ്പിൽ നിന്നും പോഷകാംശകുറവിൽ നിന്നുമുള്ള മോചനം മൗലിക അവകാശമാക്കുക.

* അന്തസ്സോടെയും ആരോഗ്യത്തോടെയും ജീവിതം നയിക്കാൻ വേണ്ട പോഷകാഹരം ലഭ്യമാകാൻ ഉണ്ടാകുന്ന ഭൗതീക, സാമൂഹിക, സാമ്പത്തീക ചുറ്റുപാടുകൾ എല്ലാ പൗരന്മാർക്കും ലഭ്യമാക്കുക.

* ദുർബലരായ എല്ലാ കുടുംബാംഗങ്ങളോടൊപ്പം അഗതികളും, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളും അന്ത്യോദയ അന്ന യോജനയിൽ അർഹരായവർക്കും ഭക്ഷ്യസുരക്ഷയുടെ ഉറപ്പുലഭിക്കുന്ന ഗുണഭോക്താക്കളിൽ ഉൾപ്പെടുത്തണം.



# ആമുഖം

*"Peace begins when the hungry are fed"Anonymous* ഏറ്റവും താഴെതട്ടിലുള്ളവർക്ക് വികസനമുണ്ടാകാതെ വികസന പ്രവർത്തനങ്ങൾ പരിപൂർണ്ണത കൈവരിക്കുന്നില്ല.“കേരള വികസന മാതൃക” ലോകം മുഴുവൻ പേര് കേട്ടതാണല്ലോ? അതിനൊരപവാദമാണിന്നും മത്സ്യത്തൊഴിലാളി സമൂഹം. കേരളത്തിലെ ശിശുമരണനിരക്ക് 1000 ന് 12 മാത്രമായിരിക്കുമ്പോൾ മത്സ്യതൊഴിലാളിഗ്രാമങ്ങളിൽ ഇത് 1000 ന് 85 ആണ്. അർത്ഥമാക്കുന്നത് അമ്മയുടെയും കുഞ്ഞിന്റെയും പോഷക ആഹാര കുറവുമൂലം, തീരപ്രദേശത്ത് 1000 കുട്ടികൾ ജനിക്കുമ്പോൾ 85 കുഞ്ഞുങ്ങൾ മരിക്കുന്നു. ഈ സംഖ്യ ദേശീയ ശരാശരിയെക്കാൾ ഉയർന്നനിരക്കാണ്. മതിയായ ഭക്ഷണവും, പോഷകഗുണമുള്ള ആഹാരവും നമുക്ക് ഇന്നും അന്യമാണ്. ഒരു നേരത്തെ ആഹാരത്തിനുപോലും വകയില്ലാതെ അത്താഴ പട്ടിണി കിടക്കേണ്ടിവരുന്ന കുടുംബങ്ങൾ ധാരാളമാണ്. നമ്മുടെ ‘വികസന സമവാക്യങ്ങൾ’ സമൂഹത്തിലെ പിന്നോക്ക ജനവിഭാഗങ്ങൾക്കിടയിൽ പ്രായോഗികതലത്തിൽ പരിവർത്തനം ചെയ്യപ്പെടുന്നില്ല എന്നാണിത് സൂചിപ്പിക്കുന്നത്. അതോടൊപ്പം ഇതേ സംബന്ധിച്ച് നിലവിലുള്ള സർക്കാർ പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയും അവനേടിയെടുക്കാനുള്ള കെല്പ്പില്ലായ്മയും ഈ സ്ഥിതി കൂടുതൽ ഭീകരമാക്കുന്നു.

തിരുവനന്തപുരം സോഷ്യൽ സർവ്വീസ് സൊസൈറ്റി കഴിഞ്ഞ 50 വർഷമായി പാർശ്വവത്ക്കരിക്കപ്പെട്ടിരിക്കുന്ന ജനത്തിന്റെ ഉന്നമനത്തിനായി ചെയ്യുന്ന പ്രവർത്തനങ്ങൾ യേശുവിന്റെ ദൗത്യത്തിന്റെയും സന്ദേശത്തിന്റെയും തുടർച്ചയും വിശുദ്ധ ഗ്രന്ഥത്തിലെയും സഭയുടെ സാമൂഹിക പ്രബോധനത്തിലെയും പ്രവാചക ശബ്ദത്തിന്റെയും പൂർത്തീകരണവുമാണ്. ഏവർക്കും ഉപജീവനത്തിനായുള്ള അവകാശമെന്ന ലക്ഷ്യത്തോടെ ആരംഭംകുറിച്ച റ്റി.എസ്.എസ്.എസിന്റെ സുവർണ്ണ ജൂബിലി ആഘോഷങ്ങളുടെ ഈ അവസരത്തിൽ നമ്മുടെ രാജ്യത്ത് നിലനിൽക്കുന്ന ‘ഭക്ഷണത്തിനായുള്ള അവകാശം’ ഉറപ്പ് വരുത്തുന്ന വിവിധ പദ്ധതികളും അതിനോട് ബന്ധപ്പെട്ട സുപ്രീം കോടതി വിധികളും വിശദമാക്കുന്ന വിവരങ്ങൾ അടങ്ങുന്ന ഈ പുസ്തകം പാവപ്പെട്ടവരുടെ ശാക്തികരണപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഉതകുമെന്നും, ദരിദ്രർക്ക് അവരുടെ അവകാശങ്ങൾ നേടിയെടുത്ത് അന്തസോടെ ജീവിക്കാൻ സഹായകമാകുമെന്ന പ്രതീക്ഷയോടെ

**ഫാ. സാബാസ് ഇഗ്നേഷ്യസ്**
ഡയറക്ടർ, സാമൂഹ്യ ശുശ്രൂഷ
തിരുവനന്തപുരം അതിരൂപത

## Abbreviations

| | |
|---|---|
| AAY | Antyodya Anna Yojana |
| NCMP | National Commn Minimum Programme |
| ACA | Additional Central Assistance |
| NFBS | National Family Benefit Scheme |
| ANMS | AuxiliaryNursingandMidwifery |
| NMBS | National Maternity Benefit Scheme |
| APL | Above Poverty line |
| NOAPS | National Old Age Pension Scheme |
| AWCS | Anganwadi Centers |
| NRHM | National Rural Health Mission |
| BDO | Block Development officer |
| NSAP | National Social Assistance Programme |
| BPL | Below Poverty Line |
| NSDP | National Slum Development programme |
| CBOS | Community Based Organization |
| NSSO | National Sratistical Survey Organization |
| CDPO | Child Development Project Officer |
| NT | Notified Tribes |
| CEO | Chief Excutive Officer |
| OBC | Other Backword Caste |
| CIP | Centeral Issue Price |
| PDS | Public Distribution System |
| DSO | District Supply Officer |
| PHC | Primiary health center |
| DT | Denotified |
| PIL | Public Interest Litigation |
| EGS | Employment GuarnteeScheme |
| PT | Primitive Tribes |
| FAE | Food Assisted Education |
| PUCL | Peoples Union for Civil Liberties |
| FCI | Food Corporation Of India |
| SC | Scheduled Caste |
| FPS | Fare Price Shop |
| SGRY | Suvarnajayanti Grameen Rozgar Yojana |
| GDP | Gross Domestic Product |
| SHG | Self Help Group |
| GR | Gazette Resolution |
| SJSRA | Swarna jayanti Shahri Rozgar Yojana |
| ICDS | Integrated Child Development Scheme |
| SPSS | Statistical Package for Social Science |
| JSY | Janani Surakash Yojana |
| SSA | Sarva Shiksha Abhiyan |
| LSG | Local Self Government |
| ST | Scheduled Tribe |
| MAVIM | Mahila Arthik Vikas Maha Mandal |
| TPDS | Targeted Public distribution System |
| MDMS | Mid-day meal Scheme |
| UPA | United Progressive Alliance |
| MM | Mahila Mandal |
| UP | Union Territory |
| MNMBS | Maharashtra for National Maternity Benefit Scheme |
| UWEP | Urban Wage Employment Programme |
| MT | Million Tones |
| VEC | Village Education Committee |
| NCAS | National Center For Advocacy Studies |
| ZP | Zilla Parishad (District Panchayath) |



# ഭക്ഷണത്തിനുള്ള അവകാശം – പശ്ചാത്തലം

2001 ൽ ഇന്ത്യയിലെ വരൾച്ച ബാധിത മേഖലയിൽ ദുരിതാശ്വാസത്തിന്റെ അഭാവം മൂലം ഉണ്ടായ പട്ടിണിയെയും ദാരിദ്ര്യത്തെയുംക്കുറിച്ച് സ്ഥിതിവിവരം പുറത്തുവന്നപ്പോൾ, നമ്മുടെ എഫ്.സി.ഐ (FCI) സംഭരണികളിൽ ധാന്യശേഖരം നിറഞ്ഞു കവിയുകയായിരുന്നു. ഈ പശ്ചാത്തലത്തിലായിരുന്നു സുപ്രീംകോടതിയിൽ ഒരു പൊതുതാത്പര്യ ഹർജി ഫയൽ ചെയ്യപ്പെട്ടത്. ഈ പൊതുതാത്പര്യ ഹർജിയുടെ വാദമുഖമാകട്ടെ രാജ്യത്തിലെ എഫ്.സി.ഐ സംഭരണികൾ നിറഞ്ഞുകവിയുന്ന സാഹചര്യത്തിൽ വരൾച്ച ബാധിത പ്രദേശത്തെ ജനങ്ങൾ പട്ടിണി കിടക്കുന്നത്, ഭരണഘടനയുടെ 21-ാം വകുപ്പിൽ പൗരന് നൽകുന്ന ജീവിക്കാനുള്ള അവകാശത്തിന്റെ ലംഘനമാണന്നും, അതിന്റെ ഉത്തരവാദിത്വം സംസ്ഥാന കേന്ദ്ര സർക്കാരുകളാണെന്നുമായിരുന്നു.

അങ്ങനെ 2001 മുതൽ ഭക്ഷണത്തിനുള്ള അവകാശത്തെ മുൻനിർത്തി സുപ്രീം കോടതി വാദം കേൾക്കുകയും സുപ്രധാനവും നിർണ്ണായകവുമായ ചില ഇടക്കാലവിധികൾ പുറപ്പെടുവിക്കുകയും ചെയ്തു. അതുവഴി പട്ടിണിക്കിടക്കുന്ന ഇന്ത്യയിലെ ലക്ഷക്കണക്കിന് മനുഷ്യരുടെ കണ്ണീരൊപ്പാൻ കാരണമായി. സുപ്രീം കോടതി 2001 നവംബർ 28-ാം തീയതി പുറപ്പെടുവിച്ച വിധിയിൽ താഴെ പറയുന്ന എട്ട് പോഷകാഹാര സംബന്ധിയായ പദ്ധതികളെ കുറിച്ച് നിർദേശം നല്കുകയുണ്ടായി. അവ ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം (TPDS) അന്ത്യോദയ അന്നയോജന(AAY), ഉച്ചഭക്ഷണപദ്ധതി (MDMS), ദേശീയ വാർദ്ധ്യകാല പെൻഷൻ പദ്ധതി(NOAPS), അന്നപൂർണ്ണ(APS), സംയോജിത ശിശു വികസന പദ്ധതി(ICDS),ദേശീയ പ്രസവാനുകൂല്യ പദ്ധതി(NMBS), ദേശീയ കുടുംബനുകൂല്യ പദ്ധതി (NFBS) എന്നിവയാണ്. പ്രസ്തുത വിധിയിൽ ദൂരദർശനോടും ഓൾ ഇന്ത്യ റേഡിയോയോടും ഈ പദ്ധതിയെക്കുറിച്ചും വ്യാപകമായ പ്രചാരണം നടത്താൻ സുപ്രീം കോടതി നിർദേശം നല്കുകയുണ്ടായി.

> " If there is no struggle ,there is no progress. Those who profess to favour freedom and yet depreciate agitation are people who want crops without ploughing up ground...."
>
> *-Frederick Douglass*

# 1. പൊതുവിതരണ സമ്പ്രദായം

(Want Ref: SC Orders of 2001 Nov28, 2001 July 23, 2003 May 2 April27,2006 July 12)

പൊതുവിതരണ സമ്പ്രദായംവഴി ദാരിദ്ര്യരേഖയ്ക്ക് (BPL) താഴെയുള്ള ജനങ്ങൾക്ക് റേഷൻ കടകൾ വഴി അത്യാവശ്യ സാധനങ്ങൾ ലഭ്യമാകുന്നു.

**1.1. ചരിത്രം: പൊതുവായ അവലോകനം.**

* 1939 – ഭക്ഷ്യപദാർത്ഥങ്ങളുടെ വിതരണ വ്യവസ്ഥ ബ്രിട്ടീഷ് സർക്കാർ ബോംബെയിൽ ആരംഭിച്ചു.
* 1942 –പൊതുവിതരണ സമ്പ്രദായത്തിന്റെ അടിസ്ഥാനതത്ത്വങ്ങൾ നിലവിൽവന്നു.
* 1943 –ഭക്ഷ്യപദാർത്ഥങ്ങളുടെ വിതരണവ്യവസ്ഥ ഒരു ലക്ഷത്തിനുമുകളിൽ ജനസംഖ്യയുള്ള എല്ലാനഗരങ്ങളിലും നിലവിൽ വന്നു.
* 1965 – ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ, അഗ്രികൾച്ചറൽ പ്രൈസ് കമ്മീഷൻ എന്നിവയ്ക്ക് പ്രാരംഭം കുറിച്ചു.
* 1982 – ഇരുപതിന പരിപാടിയുടെ ഭാഗമായി, പൊതുവിതരണ മാറ്റപ്പെട്ടു.
* 1984 – ഭക്ഷ്യമന്ത്രലായവും പൊതുവിതരണ വകുപ്പും രൂപികരിച്ചു.
* 1992 – പൊതുവിതരണ സമ്പ്രദായം നവീകരിച്ചു.
* 1992 – ലക്ഷ്യാധിഷ്ഠിത പൊതുവിതരണം നടപ്പാക്കി.
* 1997 – പൊതുവിതരണ സമ്പ്രദായത്തിന്റെ നിയന്ത്രണ ക്രമങ്ങൾ സർക്കാർ പ്രഖ്യാപിച്ചു.

**1. 2. പൊതു വിതരണ സമ്പ്രദായത്തിന്റെ രൂപരേഖ**

* പൊതുവിതരണ സമ്പ്രദായം (PDS) രാജ്യത്തെ ഏറ്റവും പഴക്കമുള്ള ഭക്ഷണസഹായ പദ്ധതികളിൽ ഒന്നാണ്.
* റേഷൻ സമ്പ്രദായം 1939–ൽ ബ്രിട്ടീഷ് ഗവൺമെന്റ് നടപ്പാക്കി. പൊതുവിതരണ സമ്പ്രദായത്തിന്റെ (PDS)അടിസ്ഥാന ചട്ടക്കൂട് 1942–ൽ സ്ഥിരീകരിച്ചു.
* ഏറ്റവും അടുത്ത കാലത്തുണ്ടായ മാറ്റം ലക്ഷ്യാധിഷ്ഠിത വിതരണ സമ്പ്രദായം (TPDS) ആണ്.അത് 1997–ൽ നടപ്പായി.
* ബി.പി.എൽ, അന്ത്യോദയ, ഏ.പി.എൽ എന്നീ വിഭാഗങ്ങളായി കുടുംബങ്ങളെ വേർതിരിച്ചു.
* റേഷൻ കടകളിലൂടെ സഹായവിലയ്ക്കു ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണ, പഞ്ചസാര മുതലായ മറ്റു വസ്തുക്കളും വിതരണം



ചെയ്യുവാൻ തുടങ്ങി.

* ഓരോ കുടുംബത്തിനും ഒരു റേഷൻ കാർഡ് ഉണ്ടായിരിക്കണം
* ഓരോ വിഭാഗത്തിനും (ഏ.പി.എൽ,ബി.പി.എൽ, ഏ.ഏ.വൈ) ഓരോ മാസവും 35 കിലോ ധാന്യം ലഭിക്കാൻ അവകാശമുണ്ട്. എന്നാൽ ഏ.പി.എൽ കുടുംബങ്ങൾ കൂടുതൽ വില കൊടുക്കണം
* ബി.പി.എൽ കുടുംബങ്ങൾക്ക് ഗോതമ്പ് കിലോയ്ക്ക് 2 രൂപ വച്ചും അരികിലോയ്ക്ക് 6.50 വച്ചും ലഭിക്കും.
* അന്ത്യോദയ കുടുംബങ്ങൾക്ക് ഗോതമ്പ് കിലോയ്ക്ക് 2 രൂപ പ്രകാരവും അരി കിലോയ്ക്ക് 3 രൂപ പ്രകാരവും ലഭിക്കും.
* ഗ്രാമ പ്രദേശങ്ങളിൽ ഗ്രാമസഭകളും പട്ടണപ്രദേശങ്ങളിൽ വാർഡ്/ഡിവിഷൻ കമ്മിറ്റികളും ഏറ്റവും ദരിദ്രരായ കുടുംബങ്ങളെ കണ്ടെത്തുന്നു. ഇവർക്ക് ഏ.ഏ.വൈ. റേഷൻ കാർഡുകൾ ലഭ്യമാക്കുന്നു.

**1. 3. റേഷൻകടകൾ നടത്തുന്നവരുടെ ഉത്തരവാദിത്വം**

താഴെ പറയുന്ന സാഹചര്യങ്ങളിൽ റേഷൻകട നടത്തുന്നവരുടെ ലൈസൻസ് റദ്ദു ചെയ്യാനുള്ള അനുവാദമുണ്ട്.

* മാസം മുഴുവനും അവർ കട തുറന്നുപ്രവർത്തിക്കുന്നില്ലെങ്കിൽ.
* റേഷൻ കാർഡുകൾ അവരുടെ പക്കൽ സൂക്ഷിച്ചാൽ
* റേഷൻ കാർഡുകളിൽ തെറ്റായ വിവരങ്ങൾ ചേർത്താൽ.
* ധാന്യങ്ങൾ കരിഞ്ചന്തയിൽ വിറ്റാൽ.
* കട മറ്റു വ്യക്തിക്കോ സംഘടനയ്ക്കോ കൈമാറിയാൽ.
* ബി.പി.എൽ. കുടുംബത്തിന് ബി.പി.എൽ നിരക്കിൽ ധാന്യങ്ങൾ നല്കാതിരുന്നാൽ.

**1. 4. പ്രായോഗിക പരിപാടികൾ**

* കേന്ദ്രസർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും കൂട്ടായ ഉത്തരവാദിത്വത്തിലാണ് പൊതുവിതരണ സമ്പ്രദായം നടപ്പിലാക്കപ്പെടുന്നത്.
* ഭക്ഷ്യധാന്യങ്ങൾ കരസ്ഥ്മാക്കുനും, സൂക്ഷിക്കാനും കടത്തികൊണ്ടുപോകാനും, സംസ്ഥാനങ്ങൾക്ക് വൻതോതിൽ വിതരണം ചെയ്യുവാനും കേന്ദ്രസർക്കാർ ഉത്തരവാദിത്വം എടുത്തിട്ടുണ്ട്.
* റേഷൻകടയിലൂടെ ഉപഭോക്താവിന് വിതരണം ചെയ്യുന്നതിന്റെ ഉത്തരവാദിത്വം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായിരിക്കുന്നു.

* സംസ്ഥാനത്തിനുള്ളിലെ വിനിയോഗം, ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ തിരിച്ചറിയൽ, റേഷൻ കാർഡ് വിതരണം, റേഷൻ കടക്കാരുടെ പ്രവർത്തനങ്ങൾ നീരിക്ഷിക്കുക, വിലയിരുത്തുക എന്നിവ സംസ്ഥാന സർക്കാരിന്റെ ചുമതലകളാണ്.

**1. 5. എന്താണ് പരിശോധിച്ചറിയേണ്ടത്?**

* റേഷൻ കടകൾ മാസം മുഴുവനും നിശ്ചിതസമയങ്ങളിൽ തുറന്ന് പ്രവർത്തിക്കുന്നുണ്ടോ ?
* ഗ്രാമത്തിലെ എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡുണ്ടോ?
* റേഷൻ കാർഡ് റേഷൻ ഷോപ്പ് ഉടമയുടെ കസ്റ്റഡിയിലാണോ സൂക്ഷിക്കുന്നത്?
* ഭക്ഷ്യധാന്യത്തിന്റെ ഗുണമേന്മയെങ്ങനെയാണ്?
* റേഷൻ തവണകളായി നൽകുന്നുണ്ടോ?
* ഒരു മാസത്തിൽ 35 കിലോയിൽ കുറഞ്ഞ റേഷനാണോ നൽകുന്നത്?
* ബി.പി.എൽ, അന്ത്യോദയ കാർഡുകൾ ഉള്ളവർ ഗ്രാമത്തിൽ എത്ര പേരുണ്ട്?
* നിശ്ചിതവില നിരക്കിനെക്കാൾ കൂടിയ വില നിരക്കിലാണോ നൽകുന്നത്?
* ബി.പി.എൽ കാർഡുകൾ അല്ലെങ്കിൽ അന്ത്യോദയ കാർഡുകൾ ലഭിക്കാൻ കൈക്കൂലി കൊടുക്കേണ്ടി വരുന്നവെന്ന് ഉപഭോക്താക്കൾ പരാതി പറയുന്നുണ്ടോ?
* റേഷൻ കാർഡുകളിൽ തെറ്റായ വിവരങ്ങൾ ചേർത്തിട്ടുണ്ടോ?
* ബി.പി.എൽ സർവ്വേ സത്യസന്ധമായാണോ നടത്തുന്നത്? അല്ലെങ്കിൽ ബി.പി.എൽ. അഥവാ അന്ത്യോദയ വിഭാഗങ്ങളെ കണ്ടെത്തിയത് ശരിയായ പ്രകാരമാണോ?
* പ്രാകൃത ഗോത്രങ്ങൾ, വികലാംഗർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, വൃദ്ധരായ അഗതികൾ, വിധവകൾ മുതലായവർക്ക് അന്ത്യോദയ കാർഡുകൾ നൽകിയിട്ടുണ്ടോയെന്നു പരിശോധിക്കുക.

"Every gun that is made, every warship launched, every rocket fired signifies, in the final sense a theft those who hunger and are not fed, those who are cold and are not clothed"
**Dwight D Eisenhower(1890-1969)**



# 2. അന്ത്യോദയ അന്നയോജന (AAY)

(Ref: SC Orders of 2001 Nov 28, 2001 July23, 2002 Oct 29, 2003 May2,2004 Apr 20, 2004 Oct 17)

അന്ത്യോദയ അന്നയോജന (AAY) പദ്ധതി വഴി ഏറ്റവും പാവപെട്ടവർക്ക് ഭക്ഷ്യസുരക്ഷ ഉറപ്പുവരുത്തുന്നു. ആറ് വിഭാഗത്തിൽ പെട്ടവർക്കാണ് അന്ത്യോദയ അന്നയോജന (AAY) കാർഡിന് യോഗ്യതയുള്ളത്.

**2.1. അർഹതയുള്ളവർ**

* താഴെപ്പറയുന്ന വിഭാഗങ്ങളെ എ.എ.വൈ. വിഭാഗങ്ങളിൽ ഉൾപ്പെടുത്തണം.
* വൃദ്ധർ, രോഗികൾ, അംഗവൈകല്യമുള്ളവർ, അഗതികളായ സ്ത്രീ പുരുഷൻന്മാർ ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ.
* സ്ഥിരമായ വരുമാനമില്ലാത്തവരോ വിധവകളും അവിവാഹിതരായ സ്ത്രീകളും.
* സ്ഥിരം സഹായമില്ലാത്തവരോ ജീവസന്ധാരണ മാർഗ്ഗമില്ലാത്തവരോ ആയ വൃദ്ധർ (60,65 വയസ്സിനു മുകളിലുള്ളവർ
* വാർദ്ധക്യംകൊണ്ടോ ശാരീരികമോ മാനസികമോ ആയ വൈകല്യം കൊണ്ടോ സാമൂഹികാചാരം കൊണ്ടോ, അവശരായവരെ ശുശ്രൂഷിക്കുകയെന്ന ആവശ്യംകൊണ്ടോ മറ്റ് ഏതെങ്കിലും കാരണത്താലോ കൂലികിട്ടുന്ന തൊഴിൽ ചെയ്യാൻ പ്രായപൂർത്തിയായ അംഗമില്ലാത്ത കുടുംബങ്ങൾ.
* ആദിവാസികളും ഗ്രോതവർഗ്ഗങ്ങളും (Primitive Tribal Group)

**2.2. സർക്കാരിന്റെ ബാധ്യതകൾ**

* എ.എ.വൈ. വിഭാഗത്തിനുള്ള ആനുകൂല്യങ്ങൾ അഗതികളിലേക്ക് സംസ്ഥാന സർക്കാർ വ്യാപിപ്പിക്കണം. ഈ വിഭാഗക്കാരെ എ.എ.വൈ. വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് സംസ്ഥാന സർക്കാർ ഉറപ്പു വരുത്തണം
* എല്ലാ റേഷൻ കടകളും മാസത്തിൽ 26 ദിവസം നിശ്ചിത സമയങ്ങളിൽ തുറന്നു പ്രവർത്തിക്കണം. അതിന്റെ വിശദവിവരങ്ങൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുകയും വേണം.
* അനുവദിക്കപ്പെട്ടിട്ടുള്ള ധാന്യങ്ങൾ വാങ്ങിക്കാൻ സാധിക്കാത്ത ദരിദ്ര വിഭാഗങ്ങൾക്ക് അവ സൗജന്യമായി നൽകാനുള്ള ഏർപ്പാടുകൾ സംസ്ഥാന സർക്കാർ ഉണ്ടാക്കണം.

* ബി.പി.എൽ കുടുംബങ്ങൾക്കുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ച അവബോധം നൽകണം.
* ബി.പി.എൽ വിഭാഗത്തിന് മാസംതോറും 35 കിലോ ഭക്ഷ്യധാന്യം ലഭിക്കാൻ അർഹതയുണ്ട്.
* ഏ.ഏ.വൈ. കാർഡുള്ളവർക്കും മാസത്തിൽ 35 കിലോ ഭക്ഷ്യ ധാന്യം ലഭിക്കണം.

**2.3. എന്താണു പരിശോധിച്ചറിയേണ്ടത്?**

* റേഷൻ കടകൾ മാസം മുഴുവനും നിശ്ചിതസമയങ്ങളിൽ തുറന്ന് പ്രവർത്തിക്കുന്നുണ്ടോ?
* ഗ്രാമത്തിലെ എല്ലാ കുടുംബങ്ങൾക്കും റേഷൻ കാർഡുണ്ടോ?
* റേഷൻ കാർഡ് റേഷൻകടയുടമയുടെ കസ്റ്റഡിയിലാണോ സൂക്ഷിക്കുന്നത്?
* ഭക്ഷ്യ ധാന്യത്തിന്റെ ഗുണമേന്മയെങ്ങനെയാണ്?
* റേഷൻ വിഹിതം തവണകളായിട്ടാണോ നൽകുന്നത്?
* ഒരു മാസത്തിൽ 35 കിലോയിൽ കുറഞ്ഞ റേഷനാണോ നൽകുന്നത്?
* ബി.പി.എൽ അന്ത്യോദയ കാർഡുകൾ ഉള്ളവർ ഗ്രാമത്തിൽ എത്ര പേരുണ്ട്?
* നിശ്ചിതവില നിരക്കിനെക്കാൾ കൂടിയ വില നിരക്കിലാണോ നൽകുന്നത്?
* ബി.പി.എൽ. കാർഡുകൾ അല്ലെങ്കിൽ ഏ.ഏ.വൈ. കാർഡുകൾ ലഭിക്കാൻ കൈക്കൂലി കൊടുക്കേണ്ടി വരുന്നുവെന്ന് ഗുണഭോക്താക്കൾ പരാതി പറയുന്നുണ്ടോ?
* റേഷൻ കാർഡുകളിൽ തെറ്റായ വിവരങ്ങൾ ചേർത്തിട്ടുണ്ടോ
* ബി.പി.എൽ. സർവ്വേ സത്യസന്ധമായാണോ നടത്തുന്നത്? അല്ലെങ്കിൽ ബി.പി.എൽ. അഥവാ ഏ.ഏ.വൈ. വിഭാഗങ്ങളെ കണ്ടെത്തിയത് ശരിയാണോ?
* ആദിവാസികൾ, ഗോത്രവർഗ്ഗക്കാർ, വികലാംഗർ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ, വൃദ്ധർ, അനാഥർ, വിധവകൾ മുതലായവർക്ക് ഏ.ഏ.വൈ. നല്കിയിട്ടുണ്ട്?

**2.4. പരാതി പരിഹാര സംവിധാനങ്ങൾ**

* നിങ്ങളുടെ പ്രദേശത്ത് സുപ്രീം കോടതി വിധി നടപ്പാക്കുന്നതിനെ സംബന്ധിച്ച് എന്താണു സംഭവിക്കുന്നതെന്നു കണ്ടെത്തുക.
* സാഹചര്യം മനസിലാക്കുന്നതിന് സർവേകളും അനൗദ്യോഗികാന്വേഷണങ്ങളും നടത്താവുന്നതാണ്.
* സുപ്രീം കോടതി വിധിനടപ്പിലാക്കുന്നതിൽ ഗ്രാമസഭ മുതൽ



ഗ്രാമത്തിലെ ബന്ധപ്പെട്ട സകല വ്യക്തികളെയും ഉൾപ്പെടുത്തുക.

* സുപ്രീം കോടതി വിധിയുടെ ഏതെങ്കിലും വിധത്തിലുള്ള ലംഘനം ഉണ്ടായാൽ പ്രാദേശിക തലത്തിൽതന്നെ പരിഹരിക്കുന്നതിനുള്ള നടപടികൾ തുടങ്ങുക.
* അതു പ്രവർത്തനക്ഷമമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സമീപിക്കുക.
* അതു പ്രയോജനപ്പെടുന്നില്ലെങ്കിൽ കളക്ടറെ സമീപിക്കുക. എന്തെന്നാൽ സുപ്രീം കോടതി വിധിയുടെ കീഴിൽ നിങ്ങളുടെ പരാതി രജിസ്റ്റർ ചെയ്യാൻ കളക്ടർക്ക് കടമയുണ്ട്.
* പൊതുജനത്തിന്റെയും സർക്കാരിന്റെയും ശ്രദ്ധ ആകർഷിക്കാൻ നല്ലൊരു മാർഗമാണ് പൊതുജനവിചാരണ.
* നിങ്ങളുടെ പരാതിയെക്കുറിച്ച് ഒരു നടപടിയും ഉണ്ടായില്ലെങ്കിൽ സുപ്രീം കോടതിയുടെ ഉപദേശകനെ സമീപിക്കുക.

# 3. അന്നപൂർണാ സ്കീം

(Ref: SC Orders of 2001 Nov 28,2004 April 27)

ജീവസന്ധാരണത്തിന് മാർഗ്ഗമില്ലാത്ത 65 വയസ്സ് തികഞ്ഞവർക്കുള്ള ഭക്ഷ്യസുരക്ഷാപദ്ധതിയാണ് അന്നപ്പൂർണ്ണ.

**3.1. പദ്ധതിയുടെ രൂപരേഖ**

* ഇത് 2000–ൽ തുടങ്ങിയതാണ്.
* 65 വയസ്സോ അതിൽ കൂടുതലോ വയസ്സുള്ളവരും നാഷണൽ ഓൾഡ് ഏയ്ജ് പെൻഷൻ സ്കീം (NOAPS)എന്ന പദ്ധതിയനുസരിച്ച് പെൻഷന് യോഗ്യതയുള്ളവരും എന്നാൽ പെൻഷൻ ലഭിക്കാത്തവരുമായ മുതിർന്ന പൗരൻമ്മാർക്കു വേണ്ടിയുള്ളതാണിത്.
* ഇതിന്റെ പ്രയോജനം ലഭിക്കുന്നവർക്ക് മാസത്തിൽ 10 കിലോ ഭക്ഷ്യധാന്യം സൗജന്യമായി ലഭിക്കാൻ അവകാശമുണ്ടായിരുക്കും
* 2002–2003 മുതൽ ഈ പദ്ധതിയെ ദേശീയ സാമൂഹിക സഹായ പരിപാടിയോടൊപ്പം ചേർത്ത് സംസ്ഥാന പദ്ധതിയിലേക്ക് മാറ്റി.
* പെൻഷൻ തുക മാസം 200 രൂപയാക്കി ഉയർത്തിയിട്ടുണ്ട്. എന്നാൽ അതിനനുസരിച്ച് അന്നപൂർണ്ണയുടെ കീഴിലുള്ള ആനുകൂല്യം വർദ്ധിപ്പിച്ചിട്ടില്ല. അതുകൊണ്ട് ഇതിന്റെ ആകർകത്വം കുറഞ്ഞു. ഇതുകൊണ്ടുള്ള പ്രയോജനവും മൂല്യവും കുറഞ്ഞു.

3.2. സുപ്രീം കോടതിയുടെ വിധികൾ

* ഭക്ഷ്യസംബന്ധമായ മറ്റു സ്കീമുകളോടൊപ്പം, അന്നപൂർണ്ണ സ്കീമും പെട്ടെന്നു നടപ്പാക്കാൻ സുപ്രീം കോടതി 2001 നവംബർ 28-ന് കല്പിച്ചു ( " സംസ്ഥാനങ്ങൾ, യൂണിയൻ പ്രദേശങ്ങൾ, ഇതിന്റെ ഗുണഭോക്താക്കളെ നിശ്ചയിക്കണമെന്നും 2002 ജനുവരി 1-ന് മുമ്പ് ധാന്യം വിതരണം ചെയ്യണ" മെന്നും കല്പിച്ചിരുന്നു).
* എൻ. ഒ. ഏ. പി. എസ്. (NOAPS), എൻ. എഫ്. ബി. എസ്സ് (FBS)എന്നീ പദ്ധതികളും ഈ പദ്ധതിയും സുപ്രീംകോടതിയുടെ അനുവാദം കൂടാതെ നിറുത്തിക്കളയുകയോ ചുരുക്കുകയോ ചെയ്യാൻ പാടില്ല.

3.3. പ്രശ്നങ്ങൾ

* ഈ പദ്ധതിയുടെ നടപ്പാക്കൽ വളരെ പരിമിതമാക്കപ്പെട്ടിരിക്കുന്നുവെന്ന് ഫയൽ ചെയ്യപ്പെട്ട റിപ്പോർട്ടുകൾ കാണിക്കുന്നു.
* ചില സ്റ്റേറ്റുകളിൽ ഈ പദ്ധതി നിറുത്തിക്കളഞ്ഞുവെന്ന് ചിലപ്പോൾ റിപ്പോർട്ടുകൾ ലഭിക്കുന്നുണ്ട്.
* ഇപ്പോൾ എൻ.ഒ.ഏ.പി.എസ്സ് (NOAPS) പദ്ധതി സാർവത്രികമായിട്ടുണ്ട്.ആയതിനാൽ ഇനി ഈ പദ്ധതി നടപ്പിലാക്കപ്പെടാതിരിക്കുരുന്നേക്കും.

3.4. പരിഹാരമാർഗ്ഗങ്ങൾ

* അന്നപൂർണ്ണ പദ്ധതിയിൽ അർഹതപെട്ടവർ വന്നിട്ടുണ്ടോ എന്ന് സ്വയം സഹായസംഘങ്ങൾ വഴി കണ്ടുപിടിക്കണം.
* അന്നപൂർണ്ണ കാർഡ് ഉടമകൾക്ക് എല്ലാ മാസവും അർഹതപ്പെട്ട 10 കിലോ സൗജന്യ ഭക്ഷ്യസാധനങ്ങൾ റേഷൻ കടയിൽ നിന്നു കിട്ടുന്നുണ്ടോ എന്ന് പരിശോധിക്കണം.
* ഗ്രാമ പഞ്ചായത്തിനെകൊണ്ട് കഴിയുന്ന വേഗം അന്നപൂർണ്ണയ്ക്കുള്ള ഗുണഭോക്താവിനെ കണ്ടുപിടിക്കുക.
* സ്കൂൾ കുട്ടികൾക്കും ഗ്രാമസഭയ്ക്കും ഈ പദ്ധതിയുടെ ആനുകൂല്യങ്ങളെപ്പറ്റി ബോധവൽക്കരണം നൽകുക.
* അന്നപൂർണ്ണ പദ്ധതിയെ സംബന്ധിച്ചുള്ള പരാതികൾ വിവരാവകാശ നിയമപ്രകാരം ഗ്രാമപഞ്ചായത്തിലോ, തഹസിൽദാർ, ജില്ലാകളക്ടർ എന്നിവർക്കോ നൽകുക.

" when you give food to the poor they call you a saint. when you ask why the poor have no food,they call you a communist"
**-Archbishop Helder Camara,** Brazilian Liberation theologian



# 4. സംയോജിത ശിശു വികസന പദ്ധതി (ICDS)

(Ref: SC Orders Of 2001 Nov 28, 2004 Oct7, 2006 Dec 13)

സംയോജിത ശിശു വികസന പദ്ധതി(ICDS)യിലൂടെ 6 വയസ്സിന് താഴെയുള്ള കുട്ടികളുടെയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെ കൗമാരപ്രായക്കാരായ പെൺകുട്ടികളുടെയും അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നു. അവരുടെ ആരോഗ്യം, പോഷകാഹാരം, നേഴ്സറി വിദ്യാഭ്യാസം എന്നിവ ഈ പദ്ധതിയിലൂടെ നിർവ്വഹിക്കപ്പെടുന്നു.

4.1. പശ്ചാത്തലം

* 1975 ലാണ് പദ്ധതിയുടെ ആരംഭം. 6 വയസിൽ താഴെയുള്ള കുട്ടികളുടെ പോഷകാഹാര കുറവ് പരിഹരിച്ച് അവരുടെ മാനസികവും ശാരീരികവും സാമൂഹികവുമായ വികസനത്തിന് അടിസ്ഥാനമിടുക.
* ശിശു മരണ നിരക്ക്, ജീവഹാനി ഉണ്ടാക്കുന്ന രോഗബാധ, സ്കൂളിൽ നിന്ന് കൊഴിഞ്ഞ് പോകൽ എന്നിവ കുറയ്ക്കുക.
* **ഗുണഭോക്താക്കൾ:** 0 മുതൽ 6 വയസുവരെയുള്ള കുട്ടികൾ, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ , കൗമാരക്കരായ പെൺകുട്ടികൾ.

4.2. ഇന്ത്യയുടെ സാമൂഹിക സാഹചര്യം

* ഇന്ത്യയിലെ 6 വയസ്സിൽ താഴെയുള്ള കുട്ടികളിൽ 46% ആഹാര ദാരിദ്ര്യം അനുഭവിക്കുന്നു. 75% കുട്ടികൾക്ക് രക്ത കുറവ് അനുഭവിക്കുന്നു. പോഷകാഹാരക്കുറവ് മൂലമോ പകർച്ചവ്യാധികൾ മൂലമോ 6000 കുട്ടികൾ ദിവസേന മരിക്കുന്നു. കടുത്ത പോഷകാഹാര കുറവ് മൂലം ശാരീരികവും മാനസികവുമായ വളർച്ച അസാധ്യമാകുന്നു. കുട്ടികളുടെ വളർച്ച 80% നടക്കുന്നത് ആദ്യത്തെ രണ്ട് വർഷങ്ങളിലാണ് 55% സ്ത്രീകളും 53% കൗമരക്കരായ പെൺകുട്ടികളും വിളർച്ച ഉള്ളവരാണ് ഓരോ വർഷവും 77,000 അമ്മമാർ പ്രസവത്തോടു കൂടി ഇന്ത്യയിൽ മരിക്കുന്നുണ്ട്

4.3. സംയോജിത ശിശുവികസന പദ്ധതി (ICDS)യും കുട്ടികളുടെ അവകാശങ്ങളും

* **പോഷകാഹാരത്തിനുള്ള അവകാശം** (Right to Nutrition): ഒരോ കുട്ടിക്കും പോഷകാഹാരത്തിനും ആരോഗ്യത്തിനും വിദ്യാ

ഭ്യാസത്തിനുള്ള മൗലികാവകാശം ഉണ്ട്.

* **അതിജീവനത്തിനുള്ള അവകാശം:** ആറ് വയസ്സ് വരെയുള്ള താണ് ഏറ്റവും ക്ലേശകരമായ കാലഘട്ടം
* **വികസനത്തിനുള്ള അവകാശം:** 0 മുതൽ 6 വർഷങ്ങളാണ് കുട്ടിയുടെ വികസനത്തിന്റെ ഏറ്റവും ദ്രുതഗതിയിലുള്ള സമയം: 80% മസ്തിഷ്ക വളർച്ച നടക്കുന്നത് ആറ് വയസ്സിനിടയിലാണ്
* **പങ്കാളിത്തത്തിനുള്ള അവകാശം:** എങ്കിൽ മാത്രമേ കുട്ടികൾ സാമൂഹികരണത്തിന്റെയും വികസന പ്രക്രിയയുടേയും ഭാഗമാവുകയുള്ളു.
* തീരുമാനമെടുക്കുന്ന പ്രക്രിയയിൽ ഉത്തരവാദിത്തപ്പെട്ടവരുടെ ഗണത്തിൽ കുട്ടികളും ഉണ്ടെന്ന് രാജ്യം ഉറപ്പാക്കേണ്ടതാണ്.

### 4.4. സേവനങ്ങൾ

* **അനുബന്ധിത പോഷകാഹാരം:** 6 വയസ്സിൽ താഴെയുള്ള കുട്ടികൾ, ഗർഭിണികൾ മുലയൂട്ടുന്ന അമ്മമാർ, കൗമാര പ്രായക്കരായ പെൺകുട്ടികൾ
* **വളർച്ച പരിശോധന:** 6 വയസ്സിൽ താഴെയുള്ള കുട്ടികളെ ഭാരം വിലയിരുത്തി വളർച്ച രേഖപ്പെടുത്തുക
* **പോഷകാഹാരവും ആരോഗ്യ വിദ്യാഭ്യാസവും:** 15 വയസ്സിനും 45 വയസ്സിനും ഇടയിലുള്ള സ്ത്രീകളെ ഉദ്ദേശിച്ച്.
* **രോഗപ്രതിരോധ:** ഗ്രാമത്തിലെ കുടുംബാരോഗ്യ കേന്ദ്രത്തിലെ എ.എൻ.എം നെ സഹായിക്കുക, മാതാപിതാക്കളിൽ ബോധവത്ക്കരണം നടത്തുക.
* **ആരോഗ്യപരിപാടികൾ:** രോഗം നിർണ്ണയിക്കുക, ഗർഭിണികളുടെ ആരോഗ്യം നിരീക്ഷിക്കുക, തൂക്കം രേഖപ്പെടുത്തുക പ്രാഥമിക ശുശ്രൂഷ നൽകുക.
* **റഫറൽ (Referral ) സേവനങ്ങൾ:** രോഗമുള്ള കുട്ടികളെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ എത്തിക്കുക.
* **നഴ്സറി സ്കൂൾ വിദ്യാഭ്യാസം:** 6 വയസിൽ താഴെയുള്ള കുട്ടികൾക്ക് നഴ്സറി വിദ്യാഭ്യാസം നൽകി വിദ്യാലയങ്ങളിൽ ചേർന്ന് പഠനം എളുപ്പത്തിൽ നടത്താൻ സഹായിക്കുക.

### 4.5. സംയോജിത ശിശുവികസന പദ്ധതി (ICDS) പ്രത്യേക ശ്രദ്ധ കൊടുക്കാൻ കാരണം

* 6 വയസിൽ താഴെയുള്ള കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ നിലവിലുള്ള ഏക സ്ഥാപന സംവിധാനമാണിത്.
* ലോകത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ ഭക്ഷണദാരിദ്ര്യം മൂലം മരിക്കുന്നത് ഇന്ത്യയിലാണ്. ആവശ്യത്തിന് പോഷകാഹാരം ലഭിക്കാത്ത ഏറ്റവും കൂടുതൽ ശിശുക്കൾ ഉള്ളതും ഇന്ത്യയിൽതന്നെയാണ്.



### 4.6. പ്രത്യേക ഉത്തരവുകൾ (Special orders)

* **ആവശ്യപ്രകാരം അംഗൻവാടി ലഭിക്കാൻ നിർദ്ദേശം:** ആറു വയസ്സിൽ താഴെയുള്ള 40 കുട്ടികൾ താമസിക്കുന്ന ഗ്രാമങ്ങളിലും നഗരത്തിലെ ചേരികളിലും ആവശ്യപ്രകാരം 3 മാസത്തിനുള്ളിൽ അംഗൻ വാടി കേന്ദ്രങ്ങൾ ലഭ്യമാക്കണം.
* **ICDS പ്രവർത്തനത്തെ സംബന്ധിച്ച നിർദ്ദേശം:** അംഗൻവാടി കേന്ദ്രങ്ങൾ വർഷത്തിൽ 300 ദിവസങ്ങൾ നിർബന്ധമായും പ്രവർത്തിക്കണം
* **അനുബന്ധ പോഷകത്തെ സംബന്ധിച്ച് നിർദ്ദേശം (SNP):** അനുബന്ധിത പോഷക വിതരണത്തിന് കരാറുക്കാരെ ഉപയോഗിക്കരുത്.
* അനുബന്ധ പോഷകാഹര വിതരണത്തിന് പ്രാദേശിക വനിതാ സ്വയം സഹായ സംഘങ്ങളെയോ മഹിള മണ്ഡലങ്ങളെയോ പ്രോത്സാഹിപ്പിക്കുക. അവർക്ക് ഭക്ഷണസാധനങ്ങൾ വാങ്ങാം, പാചകം ചെയ്യാം, വിതരണത്തിന് മേൽനോട്ടം വഹിക്കാം
* ചേരികളിൽ അംഗൻവാടി കേന്ദ്രങ്ങൾ ആരംഭിക്കണം
* സേവനങ്ങൾ ദാരിദ്രരേഖയുടെ താഴെയുള്ള കുടുംബങ്ങളിൽ മാത്രം ഒതുങ്ങരുത്.
* പാചകം ചെയ്ത ഭക്ഷണമാണ് അംഗൻവാടി കേന്ദ്രങ്ങളിൽ വിതരണം ചെയ്യുണ്ടത്.

### 4.7. ചെക്ക് ലിസ്റ്റ് (CHECK LIST)

* ആരാണ് അനുബന്ധിത പോഷകം വിതരണം ചെയ്യുന്നത്.?
* കുട്ടികളുടെ തൂക്കം പതിവായി നോക്കി രേഖപ്പെടുത്താറുണ്ടോ?
* അംഗൻവാടികളിൽ റഫറൽ സേവനങ്ങൾക്കുള്ള സംവിധാനം ഉണ്ടോ?
* അംഗൻവാടി കേന്ദ്രങ്ങളിൽ ആരോഗ്യനിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുന്നുണ്ടോ?
* എ.എൻ.എം (ANM) രോഗപ്രതിരോധ പരിപാടികൾക്കായി കൃത്യമായി അംഗൻവാടി കേന്ദ്രങ്ങൾ സന്ദർശിക്കാറുണ്ടോ?
* ഈ ഗ്രാമത്തിൽ ഏതെങ്കിലും ശിശു പോഷകാഹാരക്കുറവ് മൂലം മരണപ്പെട്ടിട്ടുണ്ടോ?

* അംഗൻവാടി കേന്ദ്രങ്ങൾ പ്രി-പ്രൈമറി സ്കൂൾ വിദ്യാഭ്യാസം നൽകുന്നുണ്ടോ?

**4.8. പരാതി പരിഹാര സംവിധാനങ്ങൾ**

* നിങ്ങളുടെ പ്രദേശത്ത് സുപ്രീം കോടതി വിധി നടപ്പാക്കുന്നതിനെ സംബന്ധിച്ച് എന്താണ് സംഭവിക്കുന്നതെന്നു കണ്ടെത്തുക.
* സാഹചര്യം മനസ്സിലാക്കുന്നതിന് സർവേകളും അനൗദ്യോഗി കാന്വേഷണങ്ങളും നടത്താവുന്നതാണ്.
* സുപ്രീം കോടതി വിധി നടപ്പാക്കുന്നതിൽ ഗ്രാമസഭ, ജാഗ്രതാ ക്കമ്മിറ്റി, മഹിളാമണ്ഡലങ്ങൾ തുടങ്ങി എല്ലാ സ്ഥാപനങ്ങ ളെയും ഗ്രാമത്തിലെ ബന്ധപ്പെട്ട സകല വ്യക്തികളെയും ഉൾപ്പെ ടുത്തുക.
* സുപ്രീം കോടതി വിധിയുടെ ഏതെങ്കിലും വിധത്തിലുള്ള ലംഘനം ഉണ്ടായാൽ പ്രാദേശിക തലത്തിൽതന്നെ പരിഹരിക്കു ന്നതിനുള്ള നടപടികൾ തുടങ്ങുക.
* അതു പ്രവർത്തനക്ഷമമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗ സ്ഥരെ സമീപിക്കുക.
* അതു പ്രയോജനപ്പെടുന്നില്ലെങ്കിൽ കളക്ടറെ സമീപിക്കുക. എന്തെന്നാൽ സുപ്രീം കോടതി വിധിയുടെ കീഴിൽ നിങ്ങളുടെ പരാതി രജിസ്റ്റർ ചെയ്യാൻ കളക്ടർക്ക് കടമയുണ്ട്.
* പൊതുജനത്തിന്റെയും സർക്കാരിന്റെയും ശ്രദ്ധ പിടിച്ച് പറ്റാൻ നല്ലൊരു മാർഗ്ഗമാണ് പൊതുജനവിചാരണ.
* നിങ്ങളുടെ പരാതിയെക്കുറിച്ച് ഒരു നടപടിയും ഉണ്ടായില്ലെങ്കിൽ സുപ്രീകോടതിയുടെ ഉപദേശകനെ സമീപിക്കുക.
* ഗുണസമ്പുഷ്ടമായ വ്യാപനം എന്ന മുഖ്യ അവകാശം സാധി ച്ചെടുക്കണം
* ഐ.സി.ഡി.എസ്. സ്ഥാപങ്ങളുടെ വ്യാപനം, എണ്ണം, സർക്കാ രിന്റെ ഉത്തരവാദിത്വം എന്നിവയെ സംബന്ധിച്ച് ഉത്തരവുകൾ മനസ്സിലാക്കുക.
* പ്രാദേശിക പ്രവർത്തനങ്ങളിലൂടെ സംസ്ഥാന സർക്കാരിൽ സമ്മർദ്ദം ചെലുത്തുക.

" As l have said before, the pilling ever more sophisticated weapons up in the arsenals of the wealthiest and the mightiest can kill the illiterate the ill, the poor and the hungary but they cannot kill ignorance, illness , poverty or hunger" -
Fudel Castro



* മാധ്യമങ്ങൾ വഴി കേന്ദ്രസർക്കാരിൽ ആവശ്യമായ സമ്മർദ്ദം ചെലുത്തുക.

# 5. മദ്ധ്യാഹ്ന ഭക്ഷണ പദ്ധതി (ഉച്ചഭക്ഷണം)

(Ref: SC Order of 28 Nov 2001 ,20 Apr 2004, 17 Oct 2004)

അഞ്ചു വയസ്സിനു മുകളിലുള്ള കുട്ടികളുടെ ഭക്ഷണത്തിനും വിദ്യാഭ്യാസത്തിനുമുള്ള അവകാശങ്ങളെയാണ് മദ്ധ്യാഹ്ന ഭക്ഷണ പദ്ധതി അംഗീകരിക്കുന്നത്.

**5.1. പശ്ചാത്തലം**

* **ലക്ഷ്യം:** പ്രൈമറി-മിഡിൽ-സ്കൂൾ വിദ്യാർത്ഥികൾ
* സ്കൂളിൽ ചേരുന്നവരുടെയും പഠനത്തിൽ നിലനിൽക്കുന്നവരു ടെയും ഹാജരുള്ളവരുടെയും സംഖ്യ ഉയർത്തിക്കൊണ്ട് പ്രാഥ മിക വിദ്യാഭ്യാസത്തിന്റെ സാർവ്വത്രികത ത്വരിതപ്പെടുത്തുക.
* പ്രൈമറി സ്കൂളുകളിലും മിഡിൽ സ്കൂളുകളിലുമുള്ള കുട്ടിക ളുടെ പോഷകാഹാരാവസ്ഥ മെച്ചപ്പെടുത്തുക.
* **കലോറി:** 300-450, പ്രോട്ടീൻ: 8-12
* **മൈക്രോ പോഷകങ്ങൾ**: ഇരുമ്പ്, ഫോളിക് ആസിഡ്, വൈറ്റ മിൻ -എ മുതലായവ മൈക്രോ പോഷകാംശങ്ങൾ വേണ്ടത്ര നൽകുക.
* ഓരോ അദ്ധ്യായന ദിവസത്തിലും, ഓരോ കുട്ടിക്കും 100 ഗ്രാം ഭക്ഷ്യധാന്യം (അരി,ഗോതമ്പ്) ഏറ്റവും അടുത്തുള്ള എഫ്.സി. ഐ. (ഫുഡ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ) യുടെ ഗോഡൗ ണിൽ നിന്ന് സൗജല്യമായി നൽകുന്നു.
* ഭക്ഷ്യധാന്യം കൊണ്ടുവരാനുള്ള ചെലവ് ലഭ്യമാക്കുന്നു.
* പാചകം ചെയ്യാനുള്ള ചെലവ് വടക്കുകിഴക്കൻ സംസ്ഥാനങ്ങ ളിൽ 1.8 രൂപയും മറ്റു സംസ്ഥാനങ്ങളിൽ 1.5 രൂപയും വീതം ഓരോ കുട്ടിക്കും നൽകുന്നു.
* വേനൽക്കാല അവധിക്കാലത്ത് പാചകം ചെയ്ത ഉച്ചഭക്ഷണം നൽകാൻ സഹായം ചെയ്യുക.
* ഓരോ യൂണിറ്റിനും അങ്ങേയറ്റം 60,000രൂപ ചെലവ്ചെയ്ത് സംഭ രണശാലയോടുകൂടിയ അടുക്കള നിർദ്ദിഷ്ടരീതിയിൽ നിർമ്മി ക്കാൻ സഹായം ചെയ്യുക.
* ഓരോ സ്കൂളിനും പാചകശാലയിലെ പഴയ ഉപകരണങ്ങൾ മാറ്റി പുതിയത് വാങ്ങിക്കാൻ വേണ്ടി ശരാശരി 5,000 രൂപ നിർദ്ദിഷ്ട രീതിയിൽ ചെലവു ചെയ്യാനുള്ള സഹായം നൽകു ക.

* മേൽനോട്ടം, നിയന്ത്രണം, വിലയിരുത്തൽ എന്നിവയ്ക്കായി സ്റ്റേറ്റുകൾക്ക്/ യൂണിയൻ ടെറിറ്ററികൾക്ക് സഹായം നൽകുക.

**5.2. അവകാശധിഷ്ഠിത സമീപനം**

* ഉച്ചഭക്ഷണ സ്കീം സുപ്രധാനങ്ങളായ മറ്റു ചില ലക്ഷ്യങ്ങ ൾക്കായും ഉപകരിക്കുന്നുണ്ട്. ഉദാഹരമായി:
* സാമൂഹിക സമത്വം വളർത്തുക
* വിദ്യാലയ ഭാഗഭാഗിത്വം പോഷിപ്പിക്കുക
* ക്ലാസുമുറികളിൽ വിശപ്പ് തടയുക
* കുട്ടികളുടെ ആരോഗ്യപരമായ വളർച്ച ത്വരിതപ്പെടുത്തുക
* വിദ്യാഭ്യാസ സംബന്ധമായ ആന്തരിക മൂല്യങ്ങൾ രൂപികരി ക്കുക.
* വിശപ്പിൽ നിന്നും കുട്ടികളെ സംരക്ഷിക്കുന്നതോടൊപ്പം അവർക്ക് പോഷകാഹാരം പ്രദാനം ചെയ്യുകയും ചെയ്യുക.
* പാകം ചെയ്ത ഭക്ഷണം നൽകുന്നത് വഴി കുട്ടികളുടെ ഹാജർനില ഉയരുകയും പഠിക്കാനുള്ള കഴിവ് വർദ്ധിക്കുകയും അതുവഴി വിദ്യാഭ്യാസത്തിലുള്ള അവകാശവും സാധ്യമാകുന്നു.

**5.3. സുപ്രീം കോടതിയുടെ വിധികൾ**

* എല്ലാം സർക്കാർ പ്രൈമറി സ്കൂളിലും , എയ്ഡഡ് പ്രൈമറി സ്കൂളുകളിലും, ചുരുങ്ങിയത് 200 ദിവസമെങ്കിലും എല്ലാം കുട്ടി കൾക്കും ഉച്ചഭക്ഷണം തയ്യാറാക്കി കൊടുക്കുക. ആ ഭക്ഷണ ത്തിൽ ഓരോരുത്തർക്കും 300 കലോറിയും 8 ഗ്രാം മുതൽ 12 ഗ്രാം വരെ പ്രോട്ടീനും ഉണ്ടായിരിക്കണം
* കേന്ദ്ര സർക്കാരിന്റെ പരിഷ്കരിച്ച നിയമമനുസരിച്ച് 450 കലോ റിയും 12 ഗ്രാം പ്രോട്ടീനുമാണ് നൽകേണ്ടത്.
* പാചകക്കാരെയും സഹായികളെയും നിയമിക്കുന്നതിൽ ദലി ത്, പട്ടിക ജാതി, പട്ടിക വർഗ്ഗം എന്നീ വിഭാഗത്തിലുള്ളവർക്ക് മുൻഗണന നൽകണം
* വരൾച്ച ബാധിത പ്രദേശങ്ങളിൽ വേനൽക്കാല അവധി ദിനങ്ങളിലും ഉച്ചഭക്ഷണം നൽകണം
* ഓരോ സ്കൂളിലും അടുക്കളഷെഡ് നിർമ്മിക്കാൻ കേന്ദ്ര സർക്കാർ സഹായം ചെയ്യണം
* ഗുണമേന്മ ഉറപ്പാക്കാനായി സംയുക്ത പരിശോധന നടത്തണം.
* കൂടുതൽ നല്ല പശ്ചാത്തല സൗകര്യങ്ങൾ, സുരക്ഷിതമായ കുടിനീർ, ഭക്ഷ ണത്തിന്റെ ഗുണമേന്മ എന്നിവ സർക്കാർ ഉറപ്പു വരുത്തണം.



* ഉച്ചഭക്ഷണ പദ്ധതിയ്ക്ക് നൽകുന്ന ഭക്ഷ്യധാന്യത്തിന് ശരാശരി ഗുണമേന്മയുണ്ടെന്ന് എഫ്.സി.ഐ.ഉറപ്പു വരുത്തണം
* യാതൊരു വിലയും സംഭവനയും വാങ്ങിക്കാതെ ഭക്ഷണം നല്കപ്പെടണം
* 2004 ഡിസംബറിലെ മാർദമനുസരിച്ച്, സ്കീമിനുവേണ്ടി സവി ശേഷ മാർഗരേഖ സംസ്ഥാന സർക്കാരുകൾ പുറപ്പെടുവിടുവി ക്കുമെന്ന് നിശ്ചയിക്കപ്പെട്ടിരുന്നു. ഈ സ്കീമിന്റെ ഭരണപരവും ഗണനാപരവുമായ ക്രമീകരണം ഉൾപ്പെടയുള്ള നിറവേറ്റലിന്റെ സവിശേഷ വിവരണങ്ങൾ സംസ്ഥാന സർക്കാർ പുറപ്പെടുവി ക്കുന്ന മാർഗ്ഗരേഖയിൽ ഉണ്ടായിരിക്കണം.

**5.4. എന്താണ് പരിശോധിക്കേണ്ടത്?**

* നിശ്ചിത സമയത്ത് മാസം മുഴുവനും സ്കൂൾ ക്രമമായി തുറ ക്കുന്നുണ്ടോ?
* സ്കൂളിലുള്ള കുട്ടികളുടെ സംഖ്യ?
* പാചകം ചെയ്ത ഭക്ഷണം സ്കൂളുകളിൽ നൽകുന്നുണ്ടോ?
* ഭക്ഷണത്തിന്റെ വിഭവങ്ങൾ എന്താണ്?
* ഭക്ഷണത്തിന്റെ ഗുണനിലവാരം?
* സ്കൂളിൽ കുടിവെള്ളത്തിനുള്ള സൗകര്യം, അടുക്കള ഷെഡ്, പാത്രങ്ങൾ എന്നിവയുണ്ടോ?
* ഭക്ഷണം കഴിക്കുമ്പോൾ എല്ലാം കുട്ടികളും ഒന്നിച്ച് ഇരിക്കു ന്നുണ്ടോ?
* കുട്ടികൾക്ക് ആവശ്യത്തിനു ഭക്ഷണം ലഭിക്കുന്നുണ്ടോ?

**5.5 പരാതി പരിഹാര സംവിധാനങ്ങൾ**

* നിങ്ങളുടെ പ്രദേശത്ത് സുപ്രീംകോടതി വിധി നടപ്പാക്കുന്നതിനെ സംബന്ധിച്ച് എന്താണു സംഭവിക്കുന്നതെന്നു കണ്ടെത്തുക.
* സാഹചര്യം മനസ്സിലാക്കുന്നതിന് സർവേകളും അനൗദ്യോഗി കാന്വോഷണങ്ങളും നടത്താവുന്നതാണ്.
* സുപ്രീം കോടതി വിധി നടപ്പിലാക്കുന്നതിൽ ഗ്രാമസഭ, അധ്യാ പിക രക്ഷാകർതൃസമിതി, ജാഗ്രതകമ്മിറ്റി, മഹിളാമണ്ഡലങ്ങൾ തുടങ്ങി എല്ലാ സ്ഥാപനങ്ങളെയും ഗ്രാമത്തിലെ ബന്ധപ്പെട്ട സകല വ്യക്തികളെയും ഉൾപ്പെടുത്തുക.
* സുപ്രീം കോടതി വിധിയുടെ ഏതെങ്കിലും വിധത്തിലുള്ള ലംഘനം ഉണ്ടായാൽ പ്രദേശിക തലത്തിൽതന്നെ പരിഹരിക്കു ന്നതിനുള്ള നടപടികൾ തുടങ്ങുക.

* അതു പ്രവർത്തനക്ഷാമമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സമീപിക്കുക.
* അതും പ്രയോജനപ്പെടുന്നില്ലെങ്കിൽ കളക്ടറെ സമീപിക്കുക. എന്തെന്നാൽ സുപ്രീം കോടതി വിധിയുടെ കീഴിൽ നിങ്ങളുടെ പരാതി രജിസ്റ്റർ ചെയ്യാൻ കളക്ടർക്ക് കടമയുണ്ട്.
* പൊതുജനത്തിന്റെയും സർക്കാരിന്റെയും ശ്രദ്ധ ആകർഷിക്കാൻ പിടിച്ചു പറ്റാൻ നല്ലൊരു മാർഗ്ഗമാണ് പൊതുജനവിചാരണ.
* നിങ്ങളുടെ പരാതിയെക്കുറിച്ച് ഒരു നടപടിയും ഉണ്ടായില്ലെങ്കിൽ സുപ്രീം കോടതിയുടെ ഉപദേശകനെ സമീപിക്കുക.

# 6. ദേശീയ കുടുംബക്ഷേമ പദ്ധതി (NFBS)

(Ref: SC Orders of 28 Nov 2001, 27 Apr 2004, 18 Nov 2004)

**6.1. പശ്ചാത്തലം**

* ഈ പദ്ധതി 2005-ൽ എൻ. എസ്.ഏ.പി-(NSAP) പദ്ധതിയുടെ ഭാഗമായി നടപ്പാക്കി.
* 2002 –2003 ൽ അത് സംസ്ഥാന സർക്കാരുകൾക്ക് കൈമാറി. കേന്ദ്ര ആവിഷ്കൃത പദ്ധതിയിൽ നിന്ന് സംസ്ഥാന പദ്ധതിയിൽലേക്ക് മാറ്റി .അങ്ങനെ മുൻഗണന ഏറ്റവും കുറഞ്ഞ സ്കീമുകളിൽ ഒന്നായിമാറി.
* ലക്ഷ്യം- ബി.പി.എൽ. കുടുംബങ്ങളിൽ, കുടുംബം പോറ്റുന്ന സുപ്രധാന വ്യക്തിയുടെ (18–65 വയസ്സ്) മരത്തോടനുബന്ധിച്ച് കുടുംബങ്ങളെ സഹായിക്കുക.

**6.2. അർഹതകൾ:**

* ബി.പി.എൽ. കുടുംബത്തിൽ കുടുംബം പോറ്റുന്ന സുപ്രധാന വ്യക്തിയുടെ മരണം സംഭവിച്ചാൽ.
* അപകടമരണമുണ്ടായാൽ 10000 രൂപ മൊത്തത്തിൽ നൽകണം. സ്വാഭാവിക മരണമാണുണ്ടായതെങ്കിൽ 5000 രൂപ നൽകണം. പ്രദേശികമായ ഒരന്വേഷണത്തിനു ശേഷം തുക കുടുംബത്തിൽ ജീവിച്ചിരിക്കുന്ന തലവന് നൽകണം

**6.3. സുപ്രീം കോടതിയുടെ വിധികൾ**

* ബി.പി.എൽ. കുടുംബത്തിൽ കുടുംബം പോറ്റുന്ന സുപ്രധാന വ്യക്തിയുടെ മരണത്തിൽ 10000 രൂപ മൊത്തത്തിൽ നൽകണം. രൂപ നാല് ആഴ്ചയുക്കുള്ളിൽ സ്ഥലത്തെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് വഴി നൽകണം



* സുപ്രീം കോടതിയുടെ അനുവാദം കൂടാതെ ഈ പദ്ധതി നിർത്താനോ തടസപെടുത്താനോ പാടുള്ളതല്ല

**6.4. എൻ.എഫ്.ബി.എസി.നെ സംബന്ധിച്ച് എന്താണ് പരിശോധിക്കേണ്ടത്?**

* ഗ്രാമത്തിൽ കുടുംബം പോറ്റുന്ന വ്യക്തി മരിച്ച്പോയിട്ടുള്ള എത്ര ബി.പി.എൽ. കുടുംബങ്ങൾക്ക് ഈ ആനുകൂല്യം കിട്ടിയിട്ടുണ്ട്?
* ഇനിയും കൊടു7ത്ത് തീർക്കാത്ത എത്ര സംഭവങ്ങളുണ്ട്?
* അപേക്ഷ കൊടുത്തിട്ടുണ്ടോ?
* മരണം കഴിഞ്ഞ് 4 ആഴ്ചയ്ക്കുള്ളിൽ ആനുകൂല്യം കൊടുത്തുവോ?
* കുടുംബത്തിന് 10.000 രൂപ മുഴുവനായി കിട്ടിയോ?
* ഈ ആനുകൂല്യത്തിനു വേണ്ടി അപേക്ഷ കൊടുക്കുയും ഇനിയും ലിസ്റ്റിൽ ചേർക്കപ്പെടാതിരിക്കുകയും ചെയ്യുന്ന എത്ര കുടുംബങ്ങളുണ്ട്?

**6.5. പരാതി പരിഹാര സംവിധാനങ്ങൾ**

* നിങ്ങളുടെ പ്രദേശത്ത് സുപ്രീം കോടതിയുടെ കല്പന നടപ്പാക്കുന്നതിനെ സംബന്ധിച്ച് എന്താണു നടക്കുന്നതെന്നു കണ്ടുപിടിക്കുക.
* സാഹചര്യം കണ്ടെത്തുന്നതിന് സർവ്വേകളും അനൗദ്യോഗികാന്വേഷണങ്ങളും നടത്താവുന്നതാണ്.
* സുപ്രീം കോടതിയുടെ വിധികൾ നടപ്പാക്കുന്നതിൽ ഗ്രാമസഭയെയും ഗ്രാമത്തിലെ ബന്ധപ്പെട്ട എല്ലാ വ്യക്തികളെയും പ്രസ്ഥാനങ്ങളെയും ഉൾപ്പെടുത്തുക.
* സുപ്രീം കോടതിയുടെ വിധി ഏതെങ്കിലും തരത്തിൽ ലംഘിക്കപ്പെടുന്നുണ്ടെങ്കിൽ, പ്രാദേശിക തലത്തിൽ പ്രവർത്തിച്ചു തുടങ്ങുക.
* അതു ഫലമാകുന്നില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സമീപിക്കുക.
* ഉത്തരം കിട്ടുന്നില്ലെങ്കിൽ കളക്ടറെ സമീപിക്കുക. സുപ്രീം കോടതി വിധിയുടെ കീഴിൽ നിങ്ങളുടെ പരാതി രജിസ്റ്റർ ചെയ്യാൻ കളക്ടർ കടപ്പെട്ടവനാണ്.
* പൊതുജനത്തിന്റെയും സർക്കാരിന്റെയും ശ്രദ്ധ ആകർഷിക്കാൻ പൊതുജനവിചാരണ തിരഞ്ഞെടുക്കാവുന്ന നല്ലൊരു മാർഗ്ഗമാണ്.

* നിങ്ങളുടെ പരാതികളെക്കുറിച്ച് ഒരു നടപടിയും ഉണ്ടായില്ലെങ്കിൽ സുപ്രീം കോടതിയുടെ ഉപദേശകനെ സമീപിക്കുക.

## 7. ദേശിയ പ്രസവാനുകൂല്യ പദ്ധതികൾ (NMBS)

### (S Janani Suraksha Yojana-JSY)

(Ref: SC Orders of 28 Nov 2001, 22 Apr 2004, 20005 May, 9 2007 Nov 11)

ബി.പി.എൽ. കുടുംബങ്ങളിലെ അമ്മമാർക്ക് ഗർഭകാലത്തും പ്രസവാനന്തരവും വേണ്ട അത്യാവശ്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള സഹായ പദ്ധതിയാണിത്. ഇതുവഴി കൂടുതൽ മെച്ചപ്പെട്ട ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതുമൂലം മാതാപിതാക്കളുടെയും ശിശുക്കളുടെയും മരണനിരക്ക് കുറക്കാൻ സഹായിക്കുന്നു.

**7.1. അടിസ്ഥാന വിവരങ്ങൾ**

* ഈ സ്കീം 1995 ആഗസ്റ്റ് 15-ാം തീയതി നടപ്പാക്കി.
* ആദ്യം എൻ.എസ്.ഏ.വി.യുടെ ഭാഗമായിരുന്നു. പീന്നിട് 2001 ൽ ആരോഗ്യ മന്ത്രലായത്തിന്റെ കീഴിലാക്കി.
* എൻ.എം.ബി. എസ്സിന്റെ കീഴിൽ, ബി.പി.എൽ. വിഭാഗത്തിലെ കുടുംബങ്ങളിൽ പെട്ട 19 വയസ്സിനു മുകളിലുള്ള ഗർഭിണികൾക്ക് 500രൂപ സഹായം ലഭിക്കുന്നതാണ്. രണ്ടു പ്രസവത്തിനുവരെ അത് ലഭിക്കും. പ്രസവത്തിനു മുമ്പ് 8-12 ആഴ്ചകളിലായിട്ടാണ് ലഭിക്കുന്നത്.
* നാഷണൽ മറ്റേർണിറ്റി ബെനഫിറ്റ് സ്കീം പരിഷ്കരിച്ച് പുതിയൊരു സ്കീമാക്കി മാറ്റി. അതിന്റെ പേര് ജനനിസുരക്ഷായോജന (JSY) എന്നാണ്. അത് 2005 ഏപ്രിൽ 12-ന് നടപ്പായി.
* ജെ.എസ്.വൈയുടെ ലക്ഷ്യങ്ങൾ: ആശുപത്രികളിൽ വച്ചുള്ള പ്രസവം വഴി മാതാക്കളുടെയും ശിശുക്കളുടെയും മരണനിരക്ക് കുറയ്ക്കുക. എൻ.എം.ബി.എസ്. (NMBS) ന്റെ ലക്ഷ്യം മാതാക്കൾക്ക് സഹായം നല്കുകയെന്നതായിരുന്നു.
* ബി.പി.എൽ. വിഭാഗത്തിലെ എല്ലാ ഗർഭിണികൾക്ക് ഭക്ഷണസുരക്ഷിതത്വം.

**7.2 ദേശിയ പ്രസവാനുകൂല്യ പദ്ധതി (NMBS) ജനനീ സുരക്ഷാ യോജന (JSY)**

* എൻ. എം.ബി.എസ്സ്, ജനനീസുരക്ഷാ യോജനയിൽ (ആശുപത്രികളിൽ പ്രസവം നടത്താനുള്ള പ്രേരണ നൽകുന്ന പദ്ധതി)ലയിപ്പിക്കപ്പെട്ടു. അതിന്റെ ഫലമായി എൻ.എം.ബി.എസ്സിന്



യോഗ്യതയുള്ളവരും വീട്ടിൽവച്ചു പ്രസവിക്കുന്നവരുമായ പല സ്ത്രീകൾക്കും സഹായം ലഭിച്ചിരുന്നില്ല എന്നാൽ 2007 നവംബർ 20 ന് സുപ്രീം കോടതി പുറപ്പെടുവിച്ച വിധിയിൽ എൻ.എം ബി.എസ്സ് തുടരണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

* കമ്മീഷണർമാരുടെ ആറാം റിപ്പോർട്ടിലെ കണക്ക് ഒരു വസ്തുത വ്യക്തമാക്കുന്നു. അതായത്, എൻ.എം.ബി.എസ്സി(NMBS)ന്റെ കീഴിൽ സഹായം ലഭിക്കാൻ യോഗ്യതയുള്ളവരിൽ ഏതാണ്ട് 65.5 ശതാമനത്തിനും നേരിട്ടുള്ള ധനസഹായം ജെ.എസ്.വൈ.എന്ന പദ്ധതിയുടെ കീഴിൽ ലഭിക്കുന്നില്ല എന്തെന്നാൽ ജെ.എസ്.വൈ. ആവശ്യപ്പെടുന്ന യോഗ്യത വ്യവസ്ഥകൾ അവരെ തടയുന്നു.
* കമ്മീഷണർമാരുടെ ഇടപെടൽ മൂലം ജനനീസുരക്ഷ യോജന(JSY) യിൽ താഴെപ്പറയുന്ന മാറ്റങ്ങൾ വരുത്തിക്കൊണ്ടുള്ള ഒരു മറുപടി സർക്കാർ കമ്മീഷണർമാർക്ക് അയച്ചിട്ടുണ്ട്.
* ബി.പി.എൽ. വിഭാഗത്തിലെ എല്ലാ ഗർഭകാലപരിശോധനങ്ങൾക്കും ജെ.എസ്.വൈ യുടെ കീഴിൽ അവർ പ്രസവിക്കാനിരിക്കുന്ന സ്ഥലം പരിഗണിക്കാതെ 500 രൂപ കൊടുക്കും. ഗർഭകാല പരിശോധനയ്ക്ക്ശേഷമേ സഹായം നല്കുകയുള്ളു എന്നു നിർബന്ധമില്ല.
* ആശുപത്രികളിൽ പ്രസവിക്കുന്ന സ്ത്രീക്കൾക്കു കൂടുതൽ തുക നൽകും
* ആരോഗ്യ നിലവാരം മോശമായ സംസ്ഥാനങ്ങളിൽ എൻ.എം. ബി. എസ്സിന്റെ കീഴിൽ ധനസഹായം നൽകുന്നതിനുള്ള പ്രായപരിധി, പ്രസവത്തിന്റെ എണ്ണം എന്നിവയെ സംബന്ധിച്ച നിയന്ത്രണം ഇല്ലതാക്കി. ആശുപത്രിയിലെ പ്രസവത്തിന് ബി.പി. എൽ. തരം തിരിവും ഇല്ലാതാക്കി.
* പല സംസ്ഥാലങ്ങളിലും കൂടെകൂടെ മാറ്റങ്ങളുണ്ടാകുന്ന ഈ പദ്ധതിക്ക് വേണ്ടത്ര മുൻഗണന നൽകുന്നില്ല. അങ്ങനെ മിക്ക സംസ്ഥാനങ്ങളിലും ഈ സ്കീം പ്രവർത്തിക്കുന്നില്ല.

**7.3. സുപ്രീം കോടതിയുടെ വിധികൾ**

* എൻ.എം.ബി.എസ്, ഒരു തരത്തിലും ചുരുക്കുകയോ റദ്ദാക്കുകയോ ചെയ്തരുത്.
* ബി.പി.എൽ. വിഭാഗത്തിലെ എല്ലാ ഗർഭിണികൾക്ക് പ്രസവം നടക്കുന്നതിന് 8-12 ആഴ്ചകൾക്കു മുമ്പ് ധനസഹായം ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തണം.
* കൊടുക്കുന്ന തുക 500 രൂപയായിരിക്കണം . കുട്ടികളുടെ

എണ്ണമോ സ്ത്രീയുടെ പ്രായമോ കാര്യത്തിൽ പരിഗണിക്കാൻ പാടില്ല.

**7.4. എന്താണു പരിശോധിക്കേണ്ടത്?**

* ബി.പി.എൽ വിഭാഗത്തിൽപ്പെട്ട സ്ത്രീകൾക്ക് എൻ.എം.ബി.എസ്സിന്റെ ഉപകാരം ലഭിക്കുന്നുണ്ടോ?
* ഉപകാരം കിട്ടേണ്ട എല്ലാവർക്കും 500 രൂപ വീതം കിട്ടുന്നുണ്ടോ?
* പ്രസവം നടക്കുന്നതിന് 8–12 ആഴ്ചമുമ്പ് ധനസഹായം കിട്ടുന്നുണ്ടോ?
* അക്കാലത്തു കിട്ടിയില്ലെങ്കിൽ അവർക്ക് എപ്പോഴാണ് ധനസഹായം കിട്ടിയത്?
* ധനസഹായം കിട്ടാൻ കൈകൂലി കൊടുക്കേണ്ടി വരുന്നുവെന്ന് പ്രയോജനം കിട്ടേണ്ടവർ പരാതിപ്പെടുന്നുണ്ടോ?
* സഹായം കിട്ടേണ്ടവർക്ക് ആരാണ് സഹായം വിതരണം ചെയ്തത്?
* സഹായം ലഭിക്കേണ്ടവരെ നിശ്ചയിക്കുന്നതിൽ ഗ്രാമസഭ ഇടപെട്ടിട്ടുണ്ടോ?
* ഇടപെട്ടിട്ടുണ്ടെങ്കിൽ ഗ്രാമസഭ ശുപാർശ ചെയ്ത എല്ലാവർക്കും സഹായം ലഭിച്ചിട്ടുണ്ടോ?
* യോഗ്യതയുള്ളരും എന്നാൽ സഹായം ലഭിക്കാത്താവരുമായ ആളുകളുടെ പേരുകൾ രേഖപ്പെടുത്തുക.

**7.5. പരാതി പരിഹാര സംവിധാനം**

* സുപ്രീം കോടതിയുടെ വിധി നടപ്പിലാക്കുന്നതിന് സംബന്ധിച്ച് നിങ്ങളുടെ പ്രദേശത്ത് എന്തു സംഭവിക്കുന്നവെന്ന് കണ്ടെത്തുക.
* സാഹചര്യം മനസ്സിലാക്കാൻ സർവ്വേകളും, അനൗദ്യോഗികാന്വേഷണങ്ങളും നടത്താവുന്നതാണ്
* സുപ്രീം കോടതിയുടെ വിധികൾ നടപ്പാക്കുന്നതിൽ AWW, ANM, ASHA, MPW ഗ്രാമസഭ എന്നിവയെയുംഗ്രാമത്തിലെ ബന്ധപ്പെട്ട എല്ലാം വ്യക്തികളെയും ഉൾപ്പെടുത്തുക.
* സുപ്രീം കോടതിയുടെ വിധി ഏതെങ്കിലും തരത്തിൽ ലംഘിക്കപ്പെട്ടാൽ പ്രാദേശിക തലത്തിൽ പരിഹാര പ്രവർത്തനം തുടങ്ങുക.
* അതുകൊണ്ട് ഫലം ലഭിക്കുന്നില്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരെ സമീപിക്കുക.
* അതുകൊണ്ടും ഫലമില്ലെങ്കിൽ കളക്ടറെ സമീപിക്കുക. എന്തെന്നാൽ സുപ്രീം കോടതിയുടെ കല്പനയുടെ കീഴിൽ നിങ്ങളുടെ പരാതി രജിസ്റ്റർ ചെയ്യാൻ കളക്ടർ കടപ്പെട്ടിരിക്കുന്നു.



* പൊതുജനത്തിന്റെയും സർക്കാരിന്റയും ശ്രദ്ധ പിടിച്ച് പറ്റാൻ നല്ലൊരു മാർഗ്ഗമാണ് പൊതുജനവിചാരണ.
* ഇതുകൊണ്ടും ഫലമുണ്ടായില്ലെങ്കിൽ സുപ്രീം കോടതിയുടെ ഉപദേശകനെ സമീപിക്കുക.

# 8. ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതി (NOAPS)

(Ref: SC Orders of 2001 Nov 28, 27 Apr 2004, 18 Nov 2004)

**8.1. പശ്ചാത്തലം**

* 65 വയസ്സിനു മേൽ പ്രായമുള്ളവരോടുള്ള അവഗണന പ്രധാന പ്രശ്നമാണ്.
* സമൂഹത്തിൽ നിന്നും അവഗണിക്കപ്പെട്ട ഒരു വിഭാഗമാണ് വൃദ്ധജനങ്ങൾ
* 2002–2003 ൽ ഈ പദ്ധതി സംസ്ഥാന സർക്കാരിന് കേന്ദ്ര ആവിഷ്കൃത പദ്ധതിയായി തുടർന്ന് കൊണ്ട് കൈമാറുകയുണ്ടായി.
* വൃദ്ധരായ അഗതികളുടെ ജീവിത നിലനിൽപിനുവേണ്ടി ഏറ്റവും പ്രാധാന്യത്തോടെ ആദ്യമായി ദേശീയ തലത്തിൽ തുടങ്ങിയ പദ്ധതിയാണിത്.
* ദേശീയ സാമൂഹിക സഹായ പദ്ധതിയുടെ ഭാഗമായി 1995 ൽ ആണ് ഈ പദ്ധതി ആരംഭിച്ചത് .ആ കാലത്ത് 75 രൂപയാണ് പ്രതിമാസ പെൻഷനായി നിശ്ചയിച്ചിരുന്നത്.
* ബി.പി.എൽ. കുടുംബത്തിലെ അഗതികളായ 65 വയസ്സ് പൂർത്തിയായവർക്കാണ് പെൻഷന് അർഹത.

**8.2. പദ്ധതി പരിഷ്കരണം**

* 2006–07 സാമ്പത്തിക വർഷത്തിൽ എൻ.ഒ.എ.പി.എസിന്റെ കീഴിൽ പെൻഷൻ നല്കാനുള്ള കേന്ദ്രസംഭാവന, ഓരോ പെൻഷൻകാരനും മാസം തോറും 75 രൂപയിൽ നിന്ന് 200 രൂപയാക്കി ഉയർത്തി. സംസ്ഥാനങ്ങൾ അതിനു തുല്യമായ സംഖ്യ സംഭവന ചെയ്യണമെന്ന് ശുപാർശ ചെയ്യപ്പെട്ടു.
* ദരിദ്രർ 28% മാത്രമുള്ളൂ എന്ന് നിർണ്ണയിച്ചുകൊണ്ട് ആനുകൂല്യം ലഭിക്കേണ്ടവരുടെ എണ്ണം 28% കുറഞ്ഞു.
* ദാരിദ്രരേഖയ്ക്ക് താഴെയുള്ള 50% ആളുകൾക്ക് വേണ്ടി മാത്രമേ കേന്ദ്രസർക്കാർ ഫണ്ടു നല്കുന്നുള്ളൂ.

**8.3. സുപ്രീം കോടതി വിധികൾ**

* NOAPSന്റെ കീഴിൽ പെൻഷൻ അർഹതയുള്ള ആളുകൾ ആരൊക്കെയെന്ന സംസ്ഥാന സർക്കാർ അന്വേഷണം പൂർത്തിയാക്കണം ഇവർക്ക് പെൻഷൻ ക്രമമായി കൊടുക്കന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യണം.
* പെൻഷൻ ഓരോ മാസവും 7-ാം തീയതിക്കുള്ളിൽ നൽകണം
* സുപ്രീം കോടതിയുടെ അനുവാദം കൂടാതെ ഈ പദ്ധതി നിറുത്തിക്കളയുകയോ ചുരുക്കുകയോ ചെയ്യരുത്.

**8.4. എന്താണ് പരിശോധിച്ച് അറിയേണ്ടത്?**

* ഗ്രാമത്തിലെ വൃദ്ധരുടെ ആകെ എണ്ണം
* ഗ്രാമത്തിൽ പെൻഷൻ കിട്ടുന്നവരുടെ എണ്ണം
* പെൻഷൻ ക്രമമായി വിതരണം ചെയ്യുന്നുണ്ടോ?
* ബി.പി.എൽ-ലെ വൃദ്ധർക്ക് (65 വയസ്സ്) എൻ.ഒ.പി.എസ്സ്-ന്റെ ആനുകൂല്യം കിട്ടുന്നുണ്ടോ?
* അവർക്ക് പെൻഷനായി എത്ര രൂപ കിട്ടുന്നുണ്ടോ?
* ഓരോ മാസവും അവർക്ക് ഒരേ തുക ലഭിക്കുന്നുണ്ടോ?
* ആനുകൂല്യം കിട്ടേണ്ടവർക്ക് ആരാണ് തുക വിതരണം ചെയ്യുന്നത്.
* അവർ ഓരോ മാസവും 7-ാം തീയതിക്കുള്ളിൽ ആനുകൂല്യം സ്വീകരിച്ചിട്ടുണ്ടോ?
* പ്രയോജനം ലഭിക്കുന്നതിന് കൈക്കൂലി കൊടുക്കേണ്ടി വരുന്നുണ്ടെന്ന് ഗുണഭോക്താക്കൾ പരാതിപ്പെട്ടിട്ടുണ്ടോ?
* പെൻഷനു വേണ്ടി എന്നെങ്കിലും അപേക്ഷിക്കുകയും ഇന്നോളം ലിസ്റ്റിൽ പേര് ഉൾപ്പെടാതിരിക്കുകയും ചെയ്യുന്നവരുടെ സംഖ്യ.
* പ്രയോജനം കിട്ടേണ്ടവരെ തിരഞ്ഞെടുക്കുന്ന പ്രക്രിയയിൽ ഗ്രാമസഭ ഉൾപ്പെട്ടിട്ടുണ്ടോ?
* അങ്ങനെയെങ്കിൽ ഗ്രാമസഭയിൽ ശുപാർശ ചെയ്യപ്പെട്ടവർക്ക് ആനുകൂല്യം ലഭിക്കുന്നുണ്ടോ?

**8.5. പരാതി പരിഹാര സംവിധാനങ്ങൾ**

* സുപ്രീം കോടതിയുടെ ഉത്തരവ് നിങ്ങളുടെ പ്രദേശത്ത് നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് എന്തു സംഭവിക്കുന്നുവെന്നു കണ്ടെത്തുക.
* സാഹചര്യം മനസ്സിലാക്കുന്നതിന് സർവ്വേകളും അനൗദ്യോഗികാന്വേഷണങ്ങളും നടത്താവുന്നതാണ്.
* സുപ്രീം കോടതിയുടെ ഉത്തരവ് നടപ്പിലാക്കുന്നതിൽ ഗ്രാമസഭ അംഗൻവാടി ജീവനക്കാർ മഹിളാമണ്ഡലങ്ങൾ ആശ വർക്കേഴ്സ് , എ.എൻ.എം, എ.ഡബ്ല്യു എം എന്നിവയെയും ഗ്രാമത്തിലെ ബന്ധപ്പെട്ട സകല വ്യക്തികളെയും ഉൾപ്പെടുത്തുക.



* സുപ്രീം കോടതി വിധി ലംഘിക്കപ്പെട്ടിട്ടുണ്ടെങ്കിൽ പ്രാദേശിക തലത്തിൽ പ്രവർത്തനം തുടങ്ങുക.
* അത് ഫലപ്രദമാകുന്നുല്ലെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ സമീപിക്കുക.
* അതിനു മറുപടി കിട്ടുന്നില്ലെങ്കിൽ കളക്ടറെ സമീപിക്കുക. എന്തെന്നാൽ നിങ്ങളുടെ പരാതി രജിസ്റ്റർ ചെയ്യാൻ സുപ്രീം കോടതിയുടെ വിധിയിൻ കീഴിൽ കളക്ടർ കടപ്പെട്ടിരിക്കുന്നു.
* ബഹുജനത്തിന്റെയും സർക്കാരിന്റെയും ശ്രദ്ധ ക്ഷണിക്കാൻ നല്ല മാർഗ്ഗമാണ് പൊതുവിചാരണ.
* നിങ്ങളുടെ പരാതിയെപ്പറ്റി ഒന്നും ചെയ്തിട്ടില്ലെങ്കിൽ സുപ്രീം കോടതിയുടെ ഉപദേശകനെ സമീപിക്കുക

# 9. മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (NREGS)

**9.1. പശ്ചാത്തലം**

ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി 2005 ഒരു നിയമമാണ് അതനുസരിച്ച്:

* പ്രത്യേക വൈദഗ്ദ്ധ്യം വേണ്ടാത്ത കൈത്തൊഴിൽ ചെയ്യാൻ സന്നദ്ധരായിരിക്കുന്ന പ്രായപൂർത്തിയായ ഏതു വ്യക്തിക്കും പൊതുവായ ജോലികളിൽ കുറഞ്ഞ കൂലിയിൽ നിയമിക്കപ്പെടാൻ അവകാശമുണ്ട്.
* അപേക്ഷ നൽകിയിട്ട് 15 ദിവസത്തിനുള്ളിൽ ജോലി ലഭിച്ചില്ലെങ്കിൽ ആ വ്യക്തിക്ക് തൊഴിലില്ലായ്മ വേതനം ലഭിക്കാൻ അവകാശമുണ്ട്
* തൊഴിൽ ഉറപ്പ് നൽകുന്നു. സാമൂഹിക മൂലധനത്തിന്റെ നിർമ്മാണത്തിൽ ശ്രദ്ധിക്കുന്നു.
* 5 വർഷത്തേക്ക് തൊഴിൽ കാർഡ് ലഭിക്കും. തുടർന്ന് പഞ്ചായത്തുകൾ പുതുക്കി നൽകും.
* 2003 ദാരിദ്ര്യരേഖ കണക്കെടുപ്പാണ് തൊഴിൽ കാർഡ് നൽകാനുള്ള അടിസ്ഥാനം (ബി.പി.എൽ ലിസ്റ്റില്ല).
* ആദ്യം വരുന്നവർക്ക് ആദ്യം ജോലി എന്ന വിധത്തിൽ തൊഴിൽ നൽകും.
* ഒരു കുടുംബത്തിന്റെ അവകാശം കുടുംബത്തിലെ അർഹത

യുള്ള അംഗങ്ങളുടെ ഇടയിൽ വിഭജിച്ചു നൽകും

* അംഗ വൈകല്യമുള്ളവർക്ക് ജോലി നൽകാൻ ശ്രദ്ധിക്കും.
* 50% ജോലികൾ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെടും

**9.2. തൊഴിലുറപ്പിന്റെ വിശദവിവരങ്ങൾ**

* **യോഗ്യത:** ഗ്രാമത്തിൽ ജീവിക്കുന്ന, 18 വയസ്സു കഴിഞ്ഞ ഏതു വ്യക്തിക്കും
* **അവകാശം:** ഏതൊരു വ്യക്തിക്കും അപേക്ഷിച്ചിട്ട് 15 ദിവസത്തിനുള്ളിൽ ജോലി നൽകണം എത്ര ദിവസത്തേക്കായി അപേക്ഷിച്ചുവോ അത്രയും ദിവസം വർഷത്തിൽ ഒരു കുടുംബത്തിന് 100 ദിവസമെങ്കിലും ജോലി നൽകണം.
* അകലം കഴിയുമെങ്കിൽ അപേക്ഷകന്റെ 5 കിലോമീറ്റർ ചുറ്റളവിനുള്ളിൽ ജോലി നൽകണം. 5 കീലോമീറ്ററിനുപുറത്താണ് ജോലി നൽകുന്നതെങ്കിൽ യാത്രച്ചെലവ് നൽകണം.
* **കൂലി:** സംസ്ഥാനത്തെ കർഷകതൊഴിലാളികൾക്ക്, കേന്ദ്രസർക്കാർ വ്യത്യസ്തമായ കൂലിനിരക്ക് പ്രഖ്യാപിക്കുന്നതുവരെ ചട്ടപ്രകാരമുള്ള മിനിമം കൂലി ലഭിക്കും കേന്ദ്രസർക്കാർ പ്രഖ്യാപിക്കുന്നെങ്കിൽ അത് ദിവസത്തിൽ മിനിമം 60 രൂപ ആയിരിക്കും. കേരളത്തിൽ മിനിമം കൂലി 125 രൂപയായി ഉയർത്തിയിട്ടുണ്ട്.
* *തക്കസമയത്ത് കൂലി കൊടുക്കൽ*: ആഴ്ചതോറും, അല്ലെങ്കിൽ എങ്ങനെയായലും 14 ദിവസത്തിനുള്ളിൽ കൂലി ബന്ധപ്പെട്ട വ്യക്തിക്ക് നേരിട്ടു നൽകണം, മുൻകൂട്ടി അറിയിച്ച ഒരു ദിവസത്തിലും സമൂഹത്തിലെ സ്വതന്ത്രരായ വ്യക്തികളുടെ സാന്നിദ്ധ്യത്തിലും നൽകണം.

**9.3. തൊഴിലുറപ്പ് പദ്ധതിയുടെ മറ്റു വിശദാംശങ്ങൾ**

* **തൊഴിലുറപ്പ് പദ്ധതി:** ഓരോ സംസ്ഥാന സർക്കാരും ആറു മാസത്തിനുള്ളിൽ" എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീം" (EGS) നടപ്പിലാക്കണം.
* **സാധ്യമായ തൊഴിലുകൾ:** താഴെപ്പറയുന്നവ ഉൾക്കൊള്ളുന്നു. ജലസംരക്ഷണം, ചെറുകിട ജലസേചനം, ഗ്രാമീണ റോഡുകൾ മുതലായവ എന്നാലും , സ്റ്റേറ്റു ഗവൺമെന്റിനോട് ആലോചിച്ചിട്ട് കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിക്കുന്ന മറ്റ് ഏതു തൊഴിലും അനുവദിക്കപ്പെടും.
* **പ്രോഗാം ഓഫീസർ:**ഒരു പ്രോഗാം ഓഫീസർ എംപ്ലോയ്മെന്റ് ഗ്യാരന്റി സ്കീമിനെ (EGS) ബ്ലോക്കുതലത്തിൽ ഏകോപിപ്പിക്കണം
* **നിർവാഹക ഏജൻസികൾ:** ഗ്രാമപഞ്ചായത്തുകൾ (തൊഴിലുറപ്പിന്റെ പകുതി തൊഴിൽ) പൊതുമരാമത്ത് വകുപ്പ്, വനംവകുപ്പ്, സന്നദ്ധ സംഘടനകൾ.
* **കോൺട്രാക്റ്റർമാർ:** പ്രൈവറ്റ് കോൺട്രാക്ടർമാർ നിരോധിക്കപ്പെട്ടിരിക്കുന്നു.
* **വികേന്ദ്രീകൃത പ്ലാനിംഗ്:** പ്രോജക്ടുകളുടെ ഒരു പട്ടിക പ്രോഗ്രാം ഓഫീസർ സൂക്ഷിക്കണം. അത് നിർവാഹക ഏജൻസികളുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലുള്ളതായിരിക്കണം- ഓരോ ഗ്രാമപഞ്ചായത്തും ഗ്രാമസഭയുടെ ശുപാർശകളനുസരിച്ച് തൊഴിലുകളുടെ ഒരു പട്ടികയുണ്ടാക്കണം.
* **സുതാര്യതയും ഉത്തരവാദിത്വവും:** ഗ്രാമസഭ സ്ഥിരമായി സാമൂഹിക ഓഡിറ്റിംഗ് നടത്തും. മസ്റ്റർ റോൾ കല്പനപ്രകാരം തുറന്ന് കാണിക്കും. തൊഴിലുറപ്പ് പദ്ധതിയുടെ എല്ലാ റിക്കാർഡുകളും പൊതുജനത്തിനു മൂന്ന് മാസത്തിലൊരിക്കൽ ഗ്രാമസഭാ യോഗത്തിൽ ലഭ്യമാക്കും. ജോബ് കാർഡുകൾ സ്ഥിരമായി പുതുക്കും. വില്ലേജ് തലത്തിൽ ഒരു ജാഗ്രാതാ സമിതി ഉണ്ടാക്കും.

**9.4. സുപ്രധാന നിയമ വ്യവസ്ഥകൾ**

* **പരിഹാരം –** ഈ ആക്ടിലെ വ്യവസ്ഥകൾ ലംഘിക്കുന്നവർക്കു ശിക്ഷയുണ്ടാകും അതു 1000 രൂപവരെയായിരിക്കും
* **ചെലവ് പങ്കുവയ്ക്കൽ –** തൊഴിലിനുള്ള കൂലിയും തൊഴിൽ ചെയ്യിക്കുന്നതിനുള്ള ചെലവിന്റെ 75%വും കേന്ദ്രസർക്കാർ നൽകും -സംസ്ഥാന സർക്കാർ തൊഴിലില്ലായ്മയും അലവൻസും നൽകും തൊഴിൽ ചെയ്യിക്കുന്നതിനുള്ള ചെലവിന്റെ 25 ശതമാനവും നൽകും
* **സമയഘടന –** ആരംഭത്തിൽ 200 ജില്ലകളിൽ, പീന്നിട് അഞ്ചു വർഷത്തിനുള്ളിൽ ഇൻഡ്യയിലെ എല്ലാ ഗ്രാമപ്രദേശങ്ങളിലേക്ക് വ്യാപിപ്പിക്കും.
* സ്ത്രീകൾക്ക് 33% സംവരണം ചെയ്തിരിക്കുന്നു.
* തൊഴിലില്ലായ്മ അലവൻസുണ്ട്.
* ജോലിസ്ഥത്ത് കുടിക്കാൻ ശുദ്ധജലം, താൽകാലിക വിശ്രമസ്ഥലം, മിനിമം ആരോഗ്യ പരിപാലന സൗകര്യങ്ങൾ, ശിശുപാലന സൗകര്യങ്ങൾ ഏർപ്പെടുത്തും.

**9.5. സോഷ്യൽ ഓഡിറ്റ്:**

* പ്രസ്ക്തങ്ങളായ എല്ലാ റിക്കാർഡുകളും ഗ്രാമസഭയ്ക്കു

ഓഡിറ്റു ചെയ്യാൻ വേണ്ടി ലഭ്യമാക്കു.

* എം .ആർ.ബില്ലുകൾ, വൗച്ചറുകൾ എം.ബികൾ സാക്ഷാൽ ഒർഡറുകൾ മറ്റു കണക്കു പുസ്തകങ്ങൾ എന്നിവയെല്ലാം സോഷ്യൽ ഓഡിറ്റിംഗിനു വേണ്ടി ഗ്രാമസഭയ്ക്ക് ലഭ്യമാക്കും (17(3).
* സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പു വരുത്താനുള്ള എല്ലാ പരിക്രമവും ചെയ്യും (ഷെഡ്യൂൾ13)
  ജോലിയോടു ബന്ധപ്പെട്ട എല്ലാ കണക്കുകളും റിക്കാർഡുകളും സൂഷ്മ പരിശോധനയ്ക്കായി പൊതുജനത്തിന് നൽകപ്പെടും
* ഓരോ ജോലിയുടെയും മസ്റ്റർ റോളിന്റെ കോപ്പി, ഒരു നിശ്ചിത ഫീസുകൊണ്ട് പരിശോധിക്കാൻ പി.ഒ- യുടെയും ജി.പി.യുടെയും ഓഫീസിൽ ലഭ്യമാക്കും.
* ഡി.പി.ഒ,പി.ഒ,ജി.പി. എന്നിവർ വാർഷിക റിപ്പോർട്ടു തയ്യാറാക്കും. അതിൽ സ്കീമിന്റെ അധികാര പരിധിയിലുള്ള പദ്ധതി നടപ്പിലാക്കാൻ തങ്ങൾക്ക് അധികാരമുള്ള പ്രദേശങ്ങളിലെ സ്കീമിന്റെ വസ്തുതകളും കണക്കുകളും നേട്ടങ്ങളും ഉണ്ടായിരിക്കും (ഷെഡ്യൂൾ (15)).
* മുകളിൽപ്പറഞ്ഞ എല്ലാ ഡോക്യുമെന്റുകളും, പൊതുജനത്തിന് ഒരു നിശ്ചിത ഫീസടിച്ച് ആവശ്യപ്പെട്ടാൽ ലഭ്യമാക്കും (ഷെഡ്യുൾ 15,16,17)

**9.6. എൻ.ആർ.ഈ.ജി.ഏ. (NREGA) ഉദ്യോഗസ്ഥരുടെ ഉത്തരവാദിത്തങ്ങൾ**

**A. ബ്ലോക്ക് ആഫീസറുടെ ഉത്തരവാദിത്വങ്ങൾ**

* എല്ലാ അപേക്ഷകൾക്കും 15 ദിവസത്തിനുള്ളിൽ തൊഴിലുറപ്പ് പദ്ധതിയനുസരിച്ച് ജോലി ഉറപ്പ് വരുത്തുക.
* ബ്ലോക്കടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ പദ്ധതി രേഖകളും പ്രസ്കതമായ ഇതര സംഘടനകളിൽ രൂപരേഖകളും സമന്വയിപ്പിച്ച് തൊഴിലുറപ്പ് പദ്ധതി രൂപരേഖയുണ്ടാക്കുക.
* ഓരോ ബ്ലോക്കിലേയും തൊഴിലിന്റെ ആവശ്യം തൊഴിലിനുള്ള അവസരത്തെയും താരതമ്യപ്പെടുത്തുക.
* തൊഴിലിനുള്ള അപേക്ഷ സ്വീകരിക്കുകയും തൊഴിലിന് ഹാജരാക്കാൻ പഞ്ചായത്തിന്റെ സഹകരണത്തോടെ നിർദ്ദേശിക്കുകയും ചെയ്യുക.
* വേതനത്തിന്റെ വിതരണം ഏറ്റവും വേഗത്തിലും മാന്യമായ രീതിയിലുമാക്കുക.
* തൊഴിലില്ലായ്മ വേതനം അനുവദിക്കുകയും വിതരണം ചെയ്യുകയും ചെയ്യുക.



* തന്റെ അധികാര പരിധിയിലുള്ള ഗ്രാമപഞ്ചായത്തും മറ്റു നിർവ്വഹണ സംഘടനകളും നടപ്പിലാക്കേണ്ട പദ്ധതികൾ അനുവദിക്കുക.
* ഗ്രാമപഞ്ചായത്തും മറ്റും നിർമ്മാണ സംഘടനകളും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികളുടെ പുരോഗതി നിരീക്ഷിക്കുക.
* മസ്റ്റർ റോളിന്റെ കോപ്പി, താല്പര്യമുള്ള ഏതൊരു വ്യക്തിയുടെയും പരിശോധനയ്ക്ക് സജ്ജമാക്കി വയ്ക്കുക.
* എല്ലാം ജോലികളുടെയും സാമൂഹിക ഓഡിറ്റ് ഗ്രാമസഭകളുടെ നേതൃത്വത്തിൽ നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.
* പദ്ധതി നിർവ്വഹണത്തോട് ബന്ധപ്പെട്ട് ഉയർന്ന് വരുന്ന പരാതിയിന്മേൽ വേഗത്തിൽ (7 ദിവസത്തിനുള്ളിൽ) നടപടിയെടുക്കുക.
* ബ്ലോക്കിലെ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണം സംബന്ധിച്ച് വാർഷിക റിപ്പോർട്ട് തയ്യാറാക്കുക.
* മദ്ധ്യവർത്തികളായ പഞ്ചായത്തുകളെ തൊഴിലുറപ്പ് നിയമം സംബന്ധിച്ച അവരുടെ ദൗത്യങ്ങൾ നിർവ്വഹിക്കാൻ സഹായിക്കുക.
* ജില്ലാ പ്രോഗ്രാം കോഡിനേറ്ററോ, സംസ്ഥാന സർക്കാരോ പദ്ധതി സംബന്ധിച്ച് ചുമതലപ്പെടുത്തുന്ന കടമകൾ നിർവ്വഹിക്കുക.

**B.ബ്ലോക്ക് പഞ്ചായത്തിന്റെ ഉത്തരവാദിത്വങ്ങൾ**

* തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കേണ്ട പദ്ധതികൾ പ്രോഗ്രാം ഓഫീസർക്ക് അയക്കുക.
* പ്രോഗ്രാം ഓഫീസർ അനുവദിക്കുന്ന പദ്ധതികളുടെ നിർവ്വഹണം നടത്തുക.
* ബ്ലോക്കുതല തൊഴിലുറപ്പ് പദ്ധതി അംഗീകരിക്കുക. ജില്ലാ പഞ്ചായത്തിന്റെ അംഗീകാരത്തിനായി സമർപ്പിക്കുക.
* ഗ്രാമപഞ്ചായത്ത് തലത്തിലും ബ്ലോക്ക് തലത്തിലും നടപ്പിലാക്കുന്ന പദ്ധതികളുടെ മേൽനോട്ടം നിർവ്വഹിക്കുക; പുരോഗതി വിലയിരുത്തുക.
* സംസ്ഥാന കൗൺസിലിന്റെ തീരുമാന പ്രകാരം ബ്ലോക്ക് പഞ്ചായത്തുകൾക്ക് ലഭിക്കുന്ന ചുമതലകൾ നിർവ്വഹിക്കുക.

**C. ഗ്രാമപഞ്ചായത്തിന്റെ ഉത്തരവാദിത്വങ്ങൾ**

* ഗ്രാമസഭകളുടെ വികസനത്തിന്റെ രൂപരേഖ തയ്യാറാക്കുകയും

തൊഴിലുറപ്പ് പദ്ധതിയുടെ കീഴിൽ ഏറ്റെടുക്കപ്പെടാൻ സാദ്ധ്യതയുള്ള പ്രവർത്തനങ്ങളുടെ പട്ടിക തയ്യാറാക്കുകയും ചെയ്യുക.

* തൊഴിലുറപ്പ് പദ്ധതി പ്രകാരം ജോലിക്ക് സന്നദ്ധതയുള്ളവരെ രജിസ്റ്റർ ചെയ്യുക. അവർക്ക് തൊഴിൽ കാർഡ് വിതരണം ചെയ്യുക.
* ജോലിയ്ക്ക് വേണ്ടി അപേക്ഷ സ്വീകരിക്കുകയും തീയതി രേഖപ്പെടുത്തിയ രസീത് കൊടുക്കുകയും ചെയ്യുക.
* ജോലിയ്ക്കുള്ള അവസരങ്ങൾ തൊഴിലപേക്ഷകരുടെ ഇടിയിൽ വിഭജിച്ച് നൽകുക. അവർ ജോലിക്ക് ഹാജരാകാൻ നിർദ്ദേശിക്കുക.
* ജോലിക്ക് ക്ഷണിക്കപ്പെട്ടിരിക്കുന്നവരുടെ പട്ടിക നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുക.
* പ്രോഗ്രാം ആഫീസർ അനുവദിക്കുന്ന പ്രവൃത്തികൾ നിർവ്വഹിക്കുക.
* സാമൂഹിക ഓഡിറ്റിംഗിന് വിധേയമാക്കാൻ ഗ്രാമസഭയ്ക്ക് രേഖകൾ ലഭ്യമാക്കുക.
* പൊതുജനങ്ങളുടെ പരിശോധനയ്ക്ക് വേണ്ടി പഞ്ചായത്ത് ഓഫീസർ മസ്റ്റർ റോളിന്റെ കോപ്പി ലഭ്യമാക്കുക.
* പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് വാർഷിക റിപ്പോർട്ട് തയ്യാറാക്കുക.

**D. ഗ്രാമസഭയുടെ ഉത്തരവാദിത്വങ്ങൾ**

* ഗ്രാമപഞ്ചായത്തിലേക്ക് പദ്ധതികൾ ശുപാർശ ചെയ്യുക. വികസന പദ്ധതിയെക്കുറിച്ചും സാധ്യമായ തൊഴിലുകളെ സംബന്ധിച്ച് ഗ്രാമസഭകൾക്ക് ശുപാർശ നൽകുക.
* ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കുന്ന ജോലികളുടെ പുരോഗതി വിലയിരുത്തുക.
* ഗ്രാമപഞ്ചായത്തിൽ ഏറ്റെടുത്ത് നടത്തുന്ന എല്ലാ പദ്ധതികളും സാമൂഹിക ഓഡിറ്റിംഗ് വിധേയമാക്കുക

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം)**

* ദേശീയ സർക്കാർ 2005 സെപ്റ്റംബറിൽ ഇൻഡ്യൻ പാർലമെന്റ് പാസാക്കിയ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം 2006 ഫ്രെബുവരി മുതൽ താഴെ പറയുന്ന സവിശേഷതകളോടെ നടപ്പിലാക്കി വരുന്നു.
* തൊഴിൽ ആവശ്യമുള്ള ആർക്കും ഈ പദ്ധതിയിൽ പേരു രജിസ്റ്റർ ചെയ്യാം.



* പദ്ധതി നിർവ്വഹണത്തിൽ കുടുംബശ്രീയ്ക്ക് നിർണ്ണായക പങ്കാളിത്തം.
* പദ്ധതി നടത്തിപ്പിന് കരാറുകാരേയും, ഇടനിലക്കാരേയും ഒഴിവാക്കി പദ്ധതി നിർവ്വഹിക്കുന്നു.
* പഞ്ചായത്തുകൾ നേരിട്ടു തൊഴിലാളികൾക്ക് ബാങ്കുവഴി പോസ്റ്റാഫീസ് സേവിംഗ്സ് അക്കൗണ്ട് വഴിയും വേതന നൽകുന്നു
* ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമാകുന്ന പ്ലാൻ ഫണ്ടുമായി സംയോജിപ്പിച്ചുകൊണ്ട് തൊഴിലുറപ്പ് പദ്ധതി നടപ്പാക്കാൻ നടപടി എടുത്തുവരുന്നു.
* 2010 ൽ ദേശീയ ഗ്രാമീണാ തൊഴിലുറപ്പ് പദ്ധതി പട്ടണങ്ങളിലേക്കും വ്യാപിപ്പിക്കാനുള്ള ശ്രമം ആരംഭിച്ചിരിക്കുന്നു.

ഠ. പരാതി സ്വീകരിച്ചുവെന്ന് കാണിക്കുന്ന രസീതു നൽകണം. തുടർന്ന് ഈ കോടതിയുടെ കല്പന നിറവേറ്റുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും വേണം"

3. "സംസ്ഥാനങ്ങളിലെയും യൂണിയൻ പ്രദേശങ്ങളിലെയും എല്ലാ ജില്ലകളിലെയും സി.ഇ.ഒ അല്ലെങ്കിൽ കളക്ടർ, തങ്ങളുടെ കീഴിലുള്ള എല്ലാ നിർവാഹക ഏജൻസികളും സ്വീകരിച്ച നടപടി സൂക്ഷമപരിശോധനയ്ക്കും വിധേയമാക്കണം.ഈ കോടതിയുടെ കല്പനകൾക്ക് ചേർന്നവിധം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ വരുത്താനും ചീഫ് സെക്രട്ടറിക്ക് റിപ്പോർട്ട് സമർപ്പിക്കാനും വേണ്ടിയാണിത്" .
4. കോടതിയുടെ ഉത്തരവ് പാലിക്കപ്പെടുന്നുണ്ടെന്നും ചീഫ് സെക്രട്ടറി ഉറപ്പ് വരുത്തണം".
5. " മുൻ പറഞ്ഞ ആവലാതി പരിഹാരപ്രക്രിയ തീർന്നിട്ടും ഏതെങ്കിലും പരാതി അവശേഷിക്കുന്നുണ്ടെങ്കിൽ അതു നോക്കി ശരിപ്പെടുത്താൻ ഈ കോടതിയുടെ കമ്മീഷണർമാരായി ,ഭാരത സർക്കാരിന്റെ മുൻ പ്ലാനിംഗ് സെക്രട്ടറിയായ ഡോ.എൻ.സി. സാക്സേനയും, ഭാരത സർക്കാരിന്റെ റൂറൽ ഡെവല്പ്മെന്റിന്റെ മുൻ സെക്രട്ടറിയായ എസ്.ആർ ശങ്കരനും പ്രവർത്തിക്കുന്നുണ്ട്."
6. "സുപ്രീം കോടതിയുടെ ഉത്തരവിന് അനുസ്യൂതം പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ കമ്മീഷണർ ഒരു പ്രവർത്തന പദ്ധതി ശുപാർശ ചെയ്താൽ, സംസ്ഥാന സർക്കാർ അല്ലെങ്കിൽ

കേന്ദ്രപ്രദേശഭരണകൂടം ആ ശുപാർശയനുസരിച്ചു പ്രവർത്തിക്കുകയും അതിന്റെ റിപ്പോർട്ട് അയയ്ക്കുകയും വേണം" .

7. "സംസ്ഥാനങ്ങളിലും യൂണിയൻ പ്രദേശങ്ങളിലുമുള്ള വ്യക്തികളുടെയും വിശ്വസിക്കാവുന്ന സംഘടനകളുടെയും സഹായം സ്വീകരിക്കാൻ കമ്മീഷണർമാർക്ക് സ്വാതന്ത്ര്യമുണ്ട്. ഈ കോടതിയുടെ കല്പന നടപ്പാക്കാനും കാര്യക്ഷമമായ മുന്നറിയിപ്പു നൽകി നിയന്ത്രിക്കാനും അത്തരം വ്യക്തികളോട് അല്ലെങ്കിൽ സംഘടനകളോട് എല്ലാ ഉദ്യോഗസ്ഥരും പൂർണമായി സഹകരിക്കണം" .

8. " വിവിധ സ്കീമുകൾ നടപ്പിലാക്കുന്നത് നിരീക്ഷിക്കാൻ ഗ്രാമസഭകൾക്ക് അധികാരം നല്കിയിട്ടുണ്ട്. ഗുണഭോക്താക്കളെ തിരഞ്ഞെടുക്കൽ, സ്കീമുകളുടെ വിതരണം എന്നിവയോടു ബന്ധപ്പെട്ട കാര്യങ്ങളിലും മറ്റും ശരിയായ വിവരം ലഭിക്കാനും അവർക്ക് അധികാരമുണ്ട്. മുൻപറഞ്ഞ കാര്യത്തിലുള്ള ആവലാതികൾ ഉന്നയിക്കാൻ ഗ്രാമസഭയ്ക്ക് അധികാരമുണ്ട്. അതനുസരിച്ച് പരാതികളുടെ പരിഹാരം നടപ്പാക്കാനും അധികാരമുണ്ട്".

# VI. വിവരാവകാശ നിയമം 2005

VI.1.ആശയപ്രകാശനത്തിനുള്ള സ്വാതന്ത്ര്യം

* ഒരുവന് തന്റെ അഭിപ്രായം വെളിപ്പെടുത്താനുള്ള അവകാശം.
* വിവരവും ആശയങ്ങളും അന്വേഷിക്കുവാനുള്ള അവകാശം
* വിവരങ്ങൾ സ്വീകരിക്കാനുള്ള അവകാശം.
* വിവരങ്ങൾ നൽകാനുള്ള അവകാശം
* വിവരാവാകാശം ജനാധിപത്യത്തിന്റേയും വികസനത്തിന്റേയും താക്കോലാണ്.
* വിവരത്തിന്റെ സ്വതന്ത്രപ്രവാഹത്തെ മൂന്നുഘടകങ്ങൾ കഠിനമായി നിയന്ത്രിക്കുന്നുണ്ട്.
- ഔദ്യോഗിക രഹസ്യങ്ങളെ സംബന്ധിച്ച് ആക്ട് 1923.
- ഉദ്യോഗസ്ഥ മേധാവിത്വത്തിന്റെ രഹസ്യ പ്രതിപത്തിയുടെയും ധിക്കാരത്തിന്റേയും സംസ്കാരം
- നമ്മുടെ ജനതയുടെ സാക്ഷരതയിലുള്ള താണനിലവാരം അവകാശങ്ങളെപ്പറ്റി അവർക്കുള്ള അവബോധക്കുറവും.

**VI.2. ഭരണഘടനാപരമായ തത്വം**

* വകുപ്പ് 19 1(A) പറയാനും ആശയപ്രകാശനം നടത്താനുമുള്ള സ്വാതന്ത്ര്യത്തിൽ അറിയാനുള്ള അവകാശവും പൊതു താല്പര്യപരമായ കാര്യങ്ങളെ സംബന്ധിച്ച് വിവരം സ്വീകരിക്കാനുള്ള



അവകാശവും ഉൾക്കൊണ്ടിരിക്കുന്നു. ഈ അവകാശം നമ്മുടെ ഭരണഘടനയുടെ ആമുഖത്തിൽ നിന്നു തന്നെ വ്യക്തമാകുന്നുണ്ട്. ആ ആമുഖം എല്ലാ പൗരൻമാർക്കും ചിന്ത സ്വതന്ത്ര്യവും ആശയപ്രകാശന സ്വാതന്ത്ര്യവും ഉറപ്പ് വരുത്തുന്നുണ്ട്.

* പൗരൻമാർക്ക് വിവരം സ്വീകരിക്കാനുള്ള അവകാശമുണ്ട്. ഈ രാജ്യത്തെ ജനങ്ങൾക്ക് ഓരോ പ്രവൃത്തിയും അവരുടെ പൊതുപ്രവർത്തകർ പൊതുവായി ചെയ്യുന്ന സകല കാര്യങ്ങളും അറിയാൻ അവകാശമുണ്ട്.ഓരോ പൊതുകൈമാറ്റത്തെക്കുറിച്ചും അതിന്റെ എല്ലാ വിവരണങ്ങളോടും അനന്തര ഫലങ്ങളോടു കൂടി അറിയുവാൻ അവകാശമുണ്ട്.
* പറയാനും ആശയപ്രകാശനം നടത്താനുമുള്ള സ്വാതന്ത്ര്യത്തിൽ, വിവരം നേടാനും അത് വിതരണം ചെയ്യാനും കൈമാറാനുമുള്ള അവകാശത്തെ ഉൾക്കൊള്ളുന്നുണ്ടെന്ന് സുപ്രീം കോടതി അഭിപ്രായപ്പെട്ടിട്ടുണ്ട്.

**VI.3.വിവരാവകാശ നിയമം 2005, ചരിത്രം**

* പാർലമെന്റിൽ 2004 ൽ അവതരിപ്പിക്കപ്പെട്ടു. 2005 മെയ് മാസം പാർലമെന്റ് പാസാക്കി .2005 ജൂൺ മാസം 15–ാം തീയതി പ്രസിഡന്റിന്റെ അംഗീകാരം ലഭിച്ചു. 2005 ജൂൺ 21 ന് ഗസ്റ്റിൽ പ്രസിദ്ധീകരിച്ചു. 2005 ഒക്ടോബർ 12 ന് പൂർണ്ണമായി പ്രാബല്യത്തിലായി
* ലക്ഷ്യങ്ങൾ: ഓരോ പൊതുഅധികാരിയുടെയും പ്രവർത്തനത്തിൽ സുതാര്യതയും കണക്കുപറയാനുള്ള ഉത്തരവാദിത്വവും വർദ്ധിപ്പിക്കുക. പൗരന്മാരുടെ വിവരാവകാശത്തെ സംബന്ധിച്ച് പ്രയോഗികമായ ഒരു ക്രമം സ്ഥാപിക്കുക. പൊതുഅധികാരിയുടെ നിയന്ത്രണത്തിൻ കീഴിലുള്ള വിവരം അറിയാൻ ഉറപ്പു നല്കുന്നതിനാണത്.

**VI.4. എന്താണ് 'വിവരം'?**

* റിക്കോർഡുകൾ, ഡോക്യുമെന്റുകൾ, മെമ്മോകൾ, ഇമെയിലുകൾ, അഭിപ്രായങ്ങൾ,ഉപദേശങ്ങൾ, പ്രസ്റിലീസുകൾ ഉത്തരവുകൾ, സർക്കുലറുകൾ, ലോഗ് ബുക്കുകൾ, കോൺട്രാക്റ്റുകൾ, റിപ്പോർട്ടുകൾ, പേപ്പറുകൾ, സാമ്പിളുകൾ മോഡലുകൾ ഇലക്ട്രോണിക്സ് രൂപത്തിലുള്ള ഡേറ്റാ മെറ്റീരിയലുകൾ എന്നിവ.
* ഏതുതരം ഡോക്യുമെന്റും, കയ്യെഴുത്ത് കോപ്പിയും ഫയലും.
* നിലവിലുള്ള ഏതെങ്കിലും നിയമത്തിൻകീഴിൽ പൊതുഅധികാരികൾക്ക് വിലയിരുത്താവുന്നതായ ഏതെങ്കിലും സ്വകാര്യസം

ഘത്തോടോ വ്യക്തിയോടൊ ബന്ധപ്പെട്ടതുമായ വിവരം

* മൈക്രോ ഫിലിം, മൈക്രോ ഫിഷെ ഫാസിമിലെ എന്നിവയുടെ പകർപ്പ്.
* മൈക്രോ ഫിലിമിൽ അടങ്ങിയിരിക്കുന്ന ഇമേജുകളുടെ പകർപ്പ്.
* കമ്പ്യൂട്ടറോ ഏതെങ്കിലും യന്ത്ര സംവിധാനമോ രൂപപ്പെടുത്തിയ മറ്റേതൊരു വസ്തുവും.

## VI.5. വിവരം എങ്ങനെ സമ്പാദിക്കാനാവും?

* ജോലി, പ്രമാണരേഖകൾ, റിക്കാർഡുകൾ എന്നിവയുടെ പരിശോധന വഴി
* ഏതെങ്കിലും വസ്തുവിന്റെ സാമ്പിൾ ശേഖരിക്കുന്നതുവഴി.
* ഡോക്യുമെന്റുകൾ, റിക്കാർഡുകൾ എന്നിവയുടെ കുറിപ്പുകൾ അല്ലെങ്കിൽ സർട്ടിഫൈ ചെയ്ത പകർപ്പുകൾ എന്നിവ വഴി
* വിവരങ്ങൾ അടങ്ങിയ കമ്പ്യൂട്ടറിൽ നിന്നോ മറ്റേതെങ്കിലും ഉപകരണത്തിൽ നിന്നോ സിഡികൾ,ഫ്ളോപ്പികൾ, ടേപ്പുകൾ, വീഡിയോ കാസറ്റുകൾ, പ്രിന്റൗട്ടുകൾ എന്നീ രൂപത്തിലോ മറ്റേതെങ്കിലും ഇലക്ട്രോണിക് രൂപത്തിലോ.

## VI.6.ആരിൽ നിന്ന് വിവരങ്ങൾ ശേഖരിക്കാനാകും?

* " പൊതു അധികാരി" എന്നതിന്റെ അർത്ഥം സ്വയം ഭരണാധികാരമുള്ള ഏതെങ്കിലും അധികാരിയോ സംഘമോ സ്ഥാപനമോ എന്നതാണ്. അത് സ്ഥാപിക്കപ്പെട്ടിരിക്കുന്നത്:

(a) ഭരണഘടനയാൽ അല്ലെങ്കിൽ ഭരണഘടനയുടെ കീഴിൽ.
(b) സർക്കാരിന്റെ നിയമനിർമ്മാണ സഭയാൽ
(b) സർക്കാരിന്റെ നിയമ നിർമ്മാണ സഭയാൽ നിർമ്മിക്കപ്പെട്ട മറ്റേതെങ്കിലും നിയമത്താൽ യോഗ്യതയുള്ള സർക്കാർ നോട്ടിഫിക്കേഷൻ വഴിയോ ഓർഡർ വഴിയോ താഴെ പറയുന്നവ ഉൾക്കൊണ്ടിരിക്കുന്നു.
(d) സർക്കാർ നല്കുന്ന ഫണ്ടുകൾ കൊണ്ട് നേരിട്ടോ പരോക്ഷമായോ പ്രവർത്തിക്കുന്ന സർക്കാരിതര സംഘടന.

## VI.7. വിവരാവകാശ നിയമത്തിന്റെ സുപ്രധാന സവിശേഷതകൾ

* പാർലമെന്റിനോ സംസ്ഥാന നിയമനിർമ്മാണ സഭയ്ക്കോ നിഷേധിക്കപ്പെടാനാവാത്ത വിവരം ഏതൊരു വ്യക്തിക്കും നിഷേധിക്കപ്പെടരുത്. സെക്ഷൻ 8 (1) (i)
* അപേക്ഷ സ്വീകരിച്ച് 30 ദിവസത്തിനകം വിവരം നൽകണം.
* കാരണം കൂടാതെ അപേക്ഷ സ്വീകരിക്കുന്നത് ഒരു കുറ്റകൃത്യമാകും.



* അപേക്ഷ സ്വീകരിച്ച ദിവസം മുതൽ ദിവസവും 250 രൂപ പിഴയടയ്ക്കേണ്ടിവരും. പരാവധി അടയ്ക്കേണ്ട പിഴ 2500 രൂപയാണ്. ശിക്ഷണ നടപടിയും ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട് സെക്ഷൻ 20(1) ഒരു * വ്യക്തിയുടെ ജീവനെയോ സ്വതന്ത്ര്യത്തെയോ സംബന്ധിക്കുന്ന വിവരമാണെങ്കിൽ 48 മണിക്കൂറിനുള്ളിൽ വിവരം നൽകണം.
* വാചികമായ അപേക്ഷ ലിഖിത രൂപത്തിലുള്ള അപേക്ഷകളാക്കാൻ പൗരന്മാരെ സഹായിക്കണം.
* അപേക്ഷ പോസ്റ്റു വഴി അയയ്ക്കാം.
* അപേക്ഷ ഹിന്ദിയിലോ ഇംഗ്ലീഷിലോ മറ്റ് ഏതെങ്കിലും ഭാഷയിലോ ആകാം
* അപേക്ഷ നൽകുന്നതിന്റെ കാരണം സൂചിപ്പിക്കേണ്ടതില്ല.
* അപേക്ഷയ്ക്കുള്ള ഫീസ് 10 രൂപയാണ.ബി.പി.എൽ. വിഭാഗത്തെ ഫീസിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.
* അപേക്ഷ സ്വീകരിച്ചുവെന്ന് കാണിക്കുന്ന രസീത് നൽകണം
* കാരണങ്ങൾ രേഖാമൂലം കാണിച്ച് മാത്രമേ അപേക്ഷ നിരസിക്കാൻ പാടുള്ളൂ.
* അംഗവൈകല്യമുള്ള വ്യക്തികളെ വിവരം ശേഖരിക്കാൻ സഹായിക്കണം
* അപ്പീലുകൾ 30 ദിവസത്തിനുള്ളിൽ കൈകാര്യം ചെയ്യണം. കാരണങ്ങളുണ്ടെങ്കിൽ 15 ദിവസം കൂടി ദീർഘിപ്പിക്കാം
* തന്റെ തീരുമാനത്തെ നീതികരിക്കാനുള്ള തെളിവു നല്കുകയെന്ന കടമ പബ്ളിക് ഇൻഫർമേഷൻ ഓഫീസറുടെതാണ്.
* താഴെത്തട്ടിലുള്ള കോടതികൾക്ക് ഇടപെടാൻ അധികാരമില്ല. ഹൈക്കോടതിക്കും സുപ്രീം കോടതിക്കും മാത്രമേ അധികാരമുള്ളു. കാരണം അത് പൗരൻമാരുടെ മൗലികാവകാശത്തോട് ബന്ധപ്പെട്ട കാര്യമാണ്.

## VI.8.ഒഴിവാക്കലുകൾ

* ഇന്ത്യയുടെ പരാമധികാരം, അഖണ്ഡത, സുരക്ഷിതത്വം രാജ്യത്തിന്റെ തന്ത്രപരമോ ശാസ്ത്രീയമോ സാമ്പത്തികമോ താത്പര്യങ്ങൾ, വിദേശ രാഷ്ട്രങ്ങളുമായുള്ള ബന്ധം എന്നിവയ്ക്ക് അപകടകരമാകുന്ന വിവരങ്ങളുടെയും കുറ്റകൃത്യങ്ങൾക്കുള്ള പ്രേരണയിലേയ്ക്ക് നയിക്കുന്ന വിവരങ്ങളുടെയും വെളിപ്പെടുത്തൽ
* കോടതി നിരോധിച്ചിട്ടുള്ള വിവരങ്ങൾ
* പാർലമെന്റേയോ സംസ്ഥാന നിയമനിർമ്മാണ സഭയുടെയോ

അവകാശത്തെ ലംഘിക്കുന്ന വിവരങ്ങൾ.

* വ്യാപരപരമായ വിശ്വസ്തത, കച്ചവട രഹസ്യങ്ങൾ ബൗദ്ധിക സ്വത്ത് മുതലായ വിവരങ്ങൾ
* വിശ്വസത്തിലധിഷ്ഠിതമായ ബന്ധം
* വിദേശ രാഷ്ട്രങ്ങളിൽ നിന്നു സ്വീകരിച്ച വിവരങ്ങൾ
* എതെങ്കിലും വ്യക്തിയുടെ ജീവനോ ശാരീരിക സുരക്ഷിതത്വമോ അപകടപ്പെടുത്തുന്ന വിവരങ്ങൾ.
* അന്വേഷണ പ്രക്രിയയെ തടയുന്ന വിവരങ്ങൾ.
* മന്ത്രിസഭയുടെ തീരുമാനങ്ങളെടുക്കുന്നതുവരെയുള്ള കാര്യങ്ങൾ
* വ്യക്തിപരമായ വിവരങ്ങൾ.

## VI.9. ഈ ആക്ടിന്റെ കീഴിൽവരുന്ന അധികാരികൾ

* സെൻട്രൽ പബ്ളിക് ഇൻഫൊർമേഷൻ ഓഫീസർ(CPIO)
* സെൻട്രൽ അസിസ്റ്റൻന്റ് പബ്ളിക് ഇൻഫൊർമേഷൻ ഓഫീസർ (CPAIO)
* സ്റ്റേറ്റ് പബ്ളിക് ഇൻഫൊർമേഷൻ ഓഫീസർ(SPIO )
* സ്റ്റേറ്റ് അസിസ്റ്റന്റ്പബ്ളിക് ഇൻഫൊർമേഷൻ ഓഫീസർ (SPAIO)
* ഡെസിഗ്നേറ്റഡ് സീനിയർ ഓഫീസർ(DSO): ഡിപ്പാർട്ടുമെന്റൽ അപ്പെലന്റ് അതോറിറ്റിക് നിഷേധിക്കപ്പെട്ട കേസുകളെക്കുറിച്ച് അപ്പീൽ നൽകുമ്പോൾ അതു പരിഗണിക്കാനുള്ള ഓഫീസർ.
* സെൻട്രൽ ഇൻഫൊർമേഷൻ കമ്മീഷൻ (CIC): ഡി.എ.എയുടെ തീരുമാനത്തിൽ തൃപ്തി വരാത്ത *പൗരൻമാരുടെ കേസുകൾ പരിശോധിക്കുന്നു. ആക്ടിന്റെ കീഴിൽ പരാതികൾ കൈകാര്യം ചെയ്യാനും *പാർലമെന്റിന് വർഷംതോറും റിപ്പോർട്ട് അയയ്ക്കാനും എസ്.ഐ.സിയ്ക്ക് അധികാരവും കടമയുണ്ട്. ** ഈ കമ്മീഷനിൽ സെൻട്രൽ ചീഫ് ഇൻഫൊർമേഷൻ കമ്മീഷണറും 10 ൽ കൂടാതെ ഇൻഫൊർമേഷൻ കമ്മീഷണർമാരും ഉണ്ടായിരിക്കും.
* സ്റ്റേറ്റ് ഇൻഫെർമേഷൻ കമ്മീഷൻ (SIC)
  പൗരൻമാർ DAAയുടെ തീരുമാനത്തിൽ അതൃപ്തരാകുമ്പോൾ അത്തരം കേസുകൾ പരിഗണിക്കാൻ വേണ്ടിയുള്ള കമ്മീഷനാണിത്. ആക്റ്റിന്റെ കീഴിൽ പരാതികൾ കൈകാര്യം ചെയ്യാനും വർഷം തോറും സംസ്ഥാന നിയമനിർമ്മാണ സഭയിലേക്ക് റിപ്പോർട്ട് അയയ്ക്കാനുംഎസ്.ഐ.സിക്ക് അധികാരവും കടമയുമുണ്ട് ഇതിൽ സ്റ്റേറ്റ് ഇൻഫൊർമേഷൻ കമ്മീഷണറും 10 ൽ



കൂടാതെ ഇൻഫൊർമേഷൻ കമ്മീഷണർമാരും ഉണ്ടായിരിക്കും

## VI.10. പൊതു അധികാരികളുടെ കടമകൾ

ഓരോ പൊതു അധികാരിയും താഴെ പറയുന്ന കാര്യങ്ങൾ ചെയ്യാൻ കടപ്പെട്ടിരിക്കുന്നു.

(a) ഈ ആക്ടിന്റെ കീഴിൽ വിവരാവകാശത്തെ സുഗമമാക്കുന്ന രീതിയിലും രൂപത്തിലും അതിന്റെ റിക്കാർഡുകൾ തക്ക സമയത്ത് കാറ്റലോഗ് ചെയ്തും ഇൻഡക്സ് സൂക്ഷിക്കാനും സമുചിതമായ എല്ലാ റിക്കാർഡുകളും കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്താനും യുക്തിപുർവ്വകമായ സമയത്തിനുള്ളിൽ വിഭവങ്ങളുടെ ലഭ്യതയനുസരിച്ച് ചെയ്യണം രാജ്യം മുഴുവനിലും ഒരു നെറ്റു വർക്കിലൂടെ വ്യത്യസ്ത സിസ്റ്റങ്ങളിൽ ബന്ധിപ്പിക്കുകയും വേണം

(b) ഈ നിയമം നിലവിലായതിന്റെ 120 ദിവസത്തിനുള്ളിൽ അവ പ്രസിദ്ധീകരിക്കണം.

* സ്ഥാപനത്തിന്റെ വിവരങ്ങൾ, പ്രവർത്തനങ്ങൾ, കടമകൾ,
* ഉദ്യോഗസ്ഥരുടെയും തൊഴിലാളികളുടെയും അധികാരങ്ങളും കടമകളും
* തീരുമാനമെടുക്കുന്ന പ്രക്രിയ, മേൽനോട്ടം, കണക്ക് പറയാനുള്ള കടമ എന്നിവയുടെ രീതികൾ
* പ്രവർത്തനങ്ങൾ നടത്താൻ വേണ്ടി തയ്യാറാക്കിയിട്ടുള്ള നിയമങ്ങൾ സ്ഥാപനത്തിന്റേയോ അതിന്റെ നിയന്ത്രണത്തിലുള്ള ജീവനക്കാരോ ഉപയോഗിക്കുന്നതോ ആയ നിയമങ്ങൾ, നിർദ്ദേശങ്ങൾ, രേഖകൾ
* സ്ഥാപനത്തിന്റെ അധീനതയിലുള്ളതോ അതിന്റെ നിയന്ത്രണത്തിലുള്ളതോ ആയ രേഖകളുടെ ഇനം സംബന്ധിച്ചുള്ള പ്രസ്താവന
* സ്ഥാപനത്തിന്റെ നയത്തിന്റെ രൂപീകരണത്തിലോ അതിന്റെ നടത്തിപ്പിലോ പൊതുജനങ്ങളുമായുള്ള കൂടിയലോചനയ്ക്കോ അവരുടെ പ്രാതിനിധ്യത്തിനോ വേണ്ടിയുള്ള ക്രമീകരണത്തിന്റെ വിവരങ്ങൾ
* സ്ഥാപനത്തിന്റെ ഭാഗമായോ ഉപദേശം സ്വീകരിക്കാനോ വേണ്ടി രണ്ടോ അതിലധികമോ വ്യക്തികൾ ഉൾക്കൊള്ളുന്ന കൗൺസിലുകൾ, കമ്മിറ്റികൾ,ബോർഡുകൾ എന്നിവയോ മറ്റു സംഘങ്ങളോ രൂപീകരിച്ചിട്ടുണ്ടെങ്കിൽ അവയെപ്പറ്റിയുള്ള പ്രസ്താവന. ഇത്തരം കമ്മിറ്റികളുടെയും മറ്റ് സംഘങ്ങൾ എന്നിവയുടെയും സമ്മേളനങ്ങളിൽ പൊതുജനത്തിനു പ്രവേശനമുണ്ടോ എന്ന കാര്യവും അവയുടെ മിനിറ്റ്സ് പൊതുജനത്തിന് ലഭ്യമാണോയെന്ന കാര്യവും പ്രസ്താവിക്കണം
* ഉദ്യോഗസ്ഥരുടെ തൊഴിലാളികളുടേയും ഒരു ഡയറക്ടറി.

* ഓരോ ഉദ്യോഗസ്ഥനും ഓരോ തൊഴിലാളിയും മാസം തോറും സ്വീകരിക്കുന്ന പ്രതിഫലം ചട്ടപ്രകാരമുള്ള നഷ്ടപരിഹാരത്തിന്റെ വിശദാംശങ്ങൾ എന്നിവ അതിൽ ഉൾക്കൊണ്ടിരിക്കണം.
* ഓരോ ഏജൻസിക്കും നീക്കിവയ്ക്കപ്പെട്ടിട്ടുള്ള വിഹിതം, എല്ലാ പദ്ധതികളുടെയും നിർദ്ദേശിക്കപ്പെട്ട ചെലവുകളുടെയും വിവരങ്ങൾ വിതരണം നടത്തപ്പെട്ടവയുടെ റിപ്പോർട്ട് അതിൽ സൂചിപ്പിക്കണം
* സബ്സിഡി പ്രോഗാമുകൾ നടപ്പിലാക്കുന്നതിന്റെ രീതികൾ വിഹിതമായുള്ള തുകകളുടെയും അത്തരം പദ്ധതികളുടെ ഗുണഭോക്താക്കളുടെ വിശദവിവരങ്ങൾ
* ഇതു വഴി ലഭ്യമായ ആനുകൂല്യങ്ങളും പെർമിറ്റുകളും അധികാരപ്പെടുത്തലുകളും സ്വീകരിച്ചവരുടെ വിവരങ്ങൾ
* ഇലക്ട്രോണിക് രൂപത്തിലുള്ള അതുമായി ബന്ധപ്പെട്ട ലഭ്യമായ വിവരങ്ങൾ
* പൗരന്മാർക്കു വിവരം ലഭിക്കാനുള്ള സൗകര്യങ്ങളെക്കുറിച്ചുള്ള വിവരണം പൊതുജനോപയോഗത്തിനുവേണ്ടി ഒരു ലൈബ്രറിയോ വായനശാലയോ ഉണ്ടെങ്കിൽ അത് തുറന്ന് പ്രവർത്തിക്കുന്ന മണിക്കൂറുകൾ ഉൾപ്പെടെ വിശദീകരണം
* പബ്ളിക് ഇൻഫേർമേഷൻസ് ഓഫീസർമാരുടെ പേരുകൾ ,പദവികൾ മറ്റ് വിവരങ്ങൾ
* ഇതുപോലെ കല്പിക്കപ്പെട്ടിട്ടുള്ള മറ്റ് വിവരങ്ങൾ. അവ ആനുകാലികമാക്കുകയും ഓരോ വർഷവും പ്രസിദ്ധീകരിക്കുകയു വേണം.
* പൊതുജനത്തെ ബാധിക്കുന്ന സുപ്രധാന നയങ്ങൾ തയ്യാറാക്കുന്ന സമയത്തും തീരുമാനങ്ങൾ പ്രഖ്യാപിക്കുന്ന സമയത്ത പ്രസക്തങ്ങളായ എല്ലാ വസ്തുതകളും പ്രസിദ്ധീകരിക്കണം.
* അതിന്റെ അഡ്മിനിസ്ട്രേഷന്റേയും ക്വാസി ജുഡീഷ്യൽ തീരുമാനങ്ങളുടേയും കാരണങ്ങൾ അവ ബാധിക്കുന്നവർക്ക് വ്യക്തിമാക്കിക്കൊടുക്കുക.
* സബ് സെക്ഷൻ (1) ന്റെ ക്ളോസ് (ബി) ആവശ്യപ്പെടുന്ന കാര്യങ്ങൾ നിർവ്വഹിക്കാൻ ആവശ്യമായ നടപടികൾ എടുക്കുവാൻ പൊതുഅധികാരിയും നിരന്തരം പരിശ്രമിക്കണം. ഇന്റർനെറ്റ് ഉൾപ്പെടെ വിവിധങ്ങളായ ആശയ വിനിമയ മാധ്യമങ്ങളിലൂടെ സ്ഥിരം ഇടവേളകളിൽ പൊതുജനത്തിന് സ്വന്തം ഇഷ്ടപ്രകാരം ആവുന്നത്ര വിവരങ്ങൾ ലഭിക്കാൻ വേണ്ടി ഈ ആക്ടിനെ ഏറ്റവും കുറച്ച് ആശ്രയിക്കാൻ ഇടയാക്കുന്നതിന് വേണ്ടി ഈ ആക്ടിനെ ഏറ്റവും കുറച്ച് ആശ്രയിക്കാൻ ഇടയാക്കുന്നതിന് വേണ്ടിയാണ്



അങ്ങനെ ചെയ്യുന്നത്

സബ് സെക്ഷൻ (1) ന്റെ ലക്ഷ്യങ്ങൾക്കായി ഓരോ വിവരവും വ്യാപകമായ തോതിൽ വിതരണം ചെയ്യപ്പെടണം. പൊതുജനത്തിന് എളുപ്പം ആശ്രയിക്കുന്ന രൂപത്തിലും രീതിയിലുമായിരിക്കണം അങ്ങനെ ചെയ്യുന്നത്.

ചെലവു പരിഗണിച്ചുകൊണ്ട് എല്ലാ വിഭവങ്ങളും പ്രാദേശിക ഭാഷയിൽ വിതരണം ചെയ്യപ്പെടണം. പ്രാദേശിക മേഖലകളിൽ ഏറ്റവും കാര്യക്ഷമമായ ആശയവിനിമയരീതി ഉപയോഗിച്ച് അങ്ങനെ ചെയ്യണം ആ വിവരം എളുപ്പത്തിൽ ലഭ്യമായിരിക്കണം സെൻട്രൽ പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്കോ സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർക്കോ കഴിയുംവിധം ഇലക്ട്രോണിക് ഫോർമാറ്റിലായിരിക്കണം. സൗജന്യമായോ മാധ്യമത്തിന്റെ ചെലവനുസരിച്ചോ നിശ്ചയിക്കപ്പെട്ട അച്ചടിക്കൂലിയനുസരിച്ചോ അങ്ങനെ ചെയ്യണം.

# VII. ഭക്ഷ്യപദ്ധതിയിൽ അവകാശമുണ്ടാകാൻ പാലിക്കേണ്ട 10 കല്പനകൾ

## VII.1.പൊതുവിതരണസംവിധാനത്തെ (PDS)സംബന്ധിച്ച പത്തു കല്പനകൾ

(Ref.SC Orders of2001 Nov28, 2001 July23, 2003 May2, 2004 April27, 2006 July12)

1. സർക്കാർ പൊതുവിതരണ സംവിധാനത്തിലൂടെ (PDS) കുറഞ്ഞ നിരക്കിൽ അവശ്യ ഭക്ഷണസാധനങ്ങൾ 'ന്യായവില' ഷോപ്പുകൾ" (FPS) വഴിയോ റേഷൻകടകൾ വഴിയോ ലഭ്യമാക്കണം
2. റേഷൻ കാർഡിനു വേണ്ട അപേക്ഷ നൽകി കാർഡ് കരസ്ഥമാക്കി പൊതുവിതരണ സമ്പ്രദായത്തിന്റെ ആനുകൂല്യങ്ങൾ ഉപയോഗിക്കുകയും വേണം.
3. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളതും (BPL) ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ളവരുമായ (APL) കുടുംബങ്ങൾക്ക് ഒരു മാസത്തിൽ 35 കിലോ ഭക്ഷ്യധാന്യം ലഭിക്കാൻ അവകാശമുണ്ട്.
4. ഓരോ റേഷൻകടയും ആഴ്ചയിൽ 6 ദിവസവും ദിവസത്തിൽ 8 മണിക്കൂറും തുറന്നു പ്രവർത്തിക്കണം.
5. പൊതുവിതരണ സംവിധാനം (PDS) കൈകാര്യം ചെയ്യുന്നവരുടെയും കട ഉടമകളുടെയും ലൈസൻസ് താഴെ പറയുന്ന സാഹചര്യങ്ങളിൽ റദ്ദാക്കപ്പെടും.

എ) അവർ ആഴ്ചയിൽ 6 ദിവസവും ദിവസത്തിൽ 8 മണിക്കൂറും കട തുറന്നു പ്രവർത്തിക്കാതിരുന്നാൽ.

ബി) ഭക്ഷ്യധാന്യം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കായി (BPL)നിശ്ചിയിച്ചുട്ടുള്ള കുറഞ്ഞ നിരക്കിൽ വിൽക്കാതിരുന്നാൽ.

സി) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ (BPL) റേഷൻ കാർഡുകൾ പിടിച്ചുവച്ചാൽ.

ഡി) ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ കാർഡുകളിൽ വിവരങ്ങൾ തെറ്റായി ചേർത്താൽ

ഇ) ന്യായവിലക്കടകൾക്ക് (FPS) നൽകപ്പെടുന്ന ഭക്ഷ്യസാധനങ്ങൾ കരിഞ്ചന്തയിൽ വിറ്റാൽ.

6. റേഷൻ സാധനങ്ങൾ തവണകളായും വാങ്ങിക്കാൻ നിങ്ങൾക്ക് അവകാശമുണ്ടാകും.
7. കടയുടമകൾ മാസത്തിലെ ആദ്യത്തെ ആഴ്ചയിൽ റേഷൻ സാധനങ്ങൾ കൊണ്ടുവരുകയും വിതരണം ചെയ്യുകയും വേണം
8. ന്യായവിലക്കടയുടെ ഉടമകൾ,ഭക്ഷ്യവസ്തുക്കൾ എത്തിച്ചേരുന്ന തീയതി പരസ്യപ്പെടുത്തണം ഓരോ ദിവസത്തെയും വില്പന വില,സ്റ്റോക്കിന്റെ കണക്ക് എന്നിവയും പരസ്യപ്പെടുത്തണം.
9. റേഷൻകടകളിൽ നിന്ന് ഏതു സാധനം വാങ്ങിക്കുമ്പോഴും നിങ്ങൾ രസീത് ആവശ്യപ്പെടണം
10. നിങ്ങൾക്ക് എന്തെങ്കിലും പരാതിയുണ്ടെങ്കിൽ, ഓരോ റേഷൻകടയിലും എല്ലാവർക്കും കാണാവുന്ന വിധത്തിൽ സ്ഥാപിച്ചിരിക്കേണ്ട പരാതിപ്പെട്ടിയിൽ നിങ്ങളുടെ പരാതി എഴുതിയിടണം.

### VII.2അന്ത്യോദയ അന്നയോജന (AAY) യെ സംബന്ധിച്ച 10 കല്പനകൾ.

(Ref.SC Orders of2001 Nov28, 2001 July23,2002Oct29,2004 May2, 2004 April27, 2004 Oct17)

1. വൃദ്ധർ,രോഗികൾ,വൈകല്യമുള്ളവർ, അനാഥർ എന്നിങ്ങനെയുള്ള സ്ത്രീപുരുഷന്മാർക്കും, ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ തുടങ്ങിയ സ്ത്രീകൾക്കും, പ്രാകൃതഗോത്രങ്ങൾക്കും അന്ത്യോദയ അന്നയോജന(AAY)യുടെ കാർഡുകൾ ലഭിക്കാൻ അവകാശമുണ്ട്.
2. സ്ഥിരവരുമാനം ഇല്ലാത്ത വിധവകൾക്കും ഏകസ്ഥകൾക്കും അന്ത്യോദയ അന്നയോജന കാർഡുകൾ ലഭിക്കുന്നുണ്ടെന്ന് നിങ്ങൾ ഉറപ്പ് വരുത്തണം.
3. സ്ഥിരവരുമാനം ഇല്ലാത്തവരും ജീവിക്കാൻ ഉറപ്പുള്ള മാർഗങ്ങൾ ഇല്ലാത്തവരുമായ വൃദ്ധർക്കും (60-ഓ അതിൽ കൂടുതലേ വയസ്സുള്ളവർക്കും) അന്ത്യോദയ അന്നയോജന (AAY)യുടെ കാർഡുകൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തണം.



4. അംഗവൈകല്യമുള്ള പ്രായപൂർത്തിയായ വ്യക്തി ഉണ്ടായിരിക്കുകയും ജീവിക്കാൻ ഉറപ്പുള്ള മാർഗങ്ങൾ ഇല്ലാതിരിക്കുകയും ചെയ്യുന്ന കുടുംബങ്ങൾക്ക് അന്ത്യോദയ അന്നയോജന കാർഡ് ലഭിക്കാൻ അർഹതയുണ്ട്.
5. വാർദ്ധക്യം മൂലമോ, ശാരീരികമോ മാനസികമോ ആയ പ്രശ്നങ്ങൾ വഴിയോ, അഥവാ സാമൂഹികാചാരങ്ങൾ വഴിയോ വൈകല്യം സംഭവിച്ച ഒരു അംഗത്തെ സംരക്ഷിക്കേണ്ടി വരുന്ന കുടുംബങ്ങൾക്ക് ആ കുടുംബത്തിലെ പ്രായപൂർത്തിയായ ഒരാൾക്കെങ്കിലും പുറത്തുപോയി ജോലിചെയ്ത് കുടുംബത്തെ പരിപാലിക്കാൻ നിവൃത്തിയില്ലാതെ കുടുംബങ്ങൾക്ക് അന്ത്യോദയ അന്നയോജനക്കാർഡ് ലഭിക്കാൻ അവകാശമുണ്ട്.
6. നിങ്ങളുടെ പ്രദേശത്ത് ദരിദ്രരിൽ ദരിദ്രരായവർക്ക് അവരുടെ അന്ത്യോദയ അന്നയോജനക്കാർഡ് ലഭ്യമാക്കാൻ വേണ്ട മുൻഗണന നൽകണം
7. അന്ത്യോദയ അന്നയോജന വിഭാഗത്തിൽപ്പെടുത്താൻ, ദാരിദ്ര്യരേഖക്കു താഴെ കഴിയുന്നവർക്കുള്ള (BPL) കാർഡ് ഉണ്ടായിരിക്കണമെന്നില്ല.
8. ഗ്രാമസഭ അഥാവ ഗ്രാമപഞ്ചായത്ത് ദരിദ്രരിൽ ദരിദ്രരായ (അന്ത്യോദയ) കുടുംബങ്ങൾ തിരഞ്ഞെടുക്കുകയും അവർക്ക് അന്ത്യോദയ അന്നയോജനക്കാർഡുകൾ വിതരണം ചെയ്യുകയും വേണം
9. ഓരോ റേഷൻകടയും, റേഷൻകാർഡ് രജിസ്റ്റർ, സ്റ്റോക്ക് രജിസ്റ്റർ ,വില്പന രജിസ്റ്റർ എന്നിവ സൂക്ഷിക്കുകയും അവരുടെ വിശദവിവരം ലഭ്യമാക്കുകയും ചെയ്യണം.
10. നിങ്ങൾ എല്ലാ പരാതികളും ഒന്നിച്ച് പ്രാദേശിക പഞ്ചായത്ത്, താലൂക്ക് സപ്ലൈ ഓഫീസർ, തഹസീൽദാർ, ഡിസ്ട്രിക്റ്റ് കളക്ടർ എന്നിവർക്ക് വിവരാവകാശം വഴി സമർപ്പിക്കണം.

*Any intelligent fool can make things bigger,*
*more complex, and more violent.*
*it takes a touch of genius - and a lot of courage -*
*to move in the opposite direction*

**- Alber Einstein**

# VII.3. അന്നപൂർണ്ണ പദ്ധതിയെ (APS) സംബന്ധിച്ച പത്തു കല്പനകൾ

(Ref.SC Orders 2001 Nov 28, 2004 April 27)

1. അറുപത്തഞ്ചു വയസ്സോ അതിൽ കൂടുതലോ പ്രായമുള്ള അഗതികളായ എല്ലാ വൃദ്ധർക്കു അവർ ദേശീയ വാർദ്ധ്യകാല പെൻഷൻ സ്കീമിൽ (NOAOS) ഉൾപ്പെടാത്തവരാണെങ്കിൽ അന്നപൂർണ്ണ സ്കീമിൽ ഉൾപ്പെടാൻ അർഹതയുണ്ട്.
2. അന്നപൂർണ്ണ കാർഡുള്ള ഓരോ വ്യക്തിക്കും എല്ലാം മാസവും റേഷൻകടകളിൽ നിന്ന് 10 കിലോ ഭക്ഷ്യധാന്യം സൗജന്യമായി ലഭിക്കാൻ അർഹതയുണ്ട്.
3. അന്നപൂർണ്ണ കാർഡുള്ള വൃദ്ധരായ ഓരോ വ്യക്തിക്കും അടിയന്തര ഭക്ഷ്യസുരക്ഷിതത്വം നൽകണം.
4. ഓരോ ഗ്രാമപഞ്ചായത്തും അന്നപൂർണ്ണയ്ക്കു അർഹാരയവരെ വേണ്ട വിധത്തിൽ പരസ്യം ചെയ്തതിനുശേഷം തിരഞ്ഞെടുക്കണം.
5. ദേശീയ വാർദ്ധകൃകാല പെൻഷൻ സ്കീം (NOAPS) സാർവത്രികമായിക്കഴിയുമ്പോൾ അന്നപൂർണ്ണ സ്കീം നിർത്തലാക്കിയേക്കുമെന്നു നിങ്ങൾ അറിഞ്ഞിരിക്കണം.
6. അന്നപൂർണ്ണ സ്കീമനുസരിച്ചുള്ള കാർഡുള്ളവർ റേഷൻകടകളിൽ നിന്ന് അതിൻപ്രകാരം ഭക്ഷ്യധാന്യം ആവശ്യപ്പെടണം.
7. വാർദ്ധകൃത്തിലെത്തിയവർക്ക് അന്നപൂർണ്ണകാർഡ് വാങ്ങി കൊടുക്കാനുള്ള ഉത്തരവാദിത്വം നിങ്ങൾ ഏറ്റെടുക്കുകയും അർഹതയുള്ള ഓരോ വ്യക്തിക്കും അന്നപൂർണ്ണകാർഡ് സമ്പാദിച്ചുകൊടുക്കുയും വേണം.
8. അന്നപൂർണ്ണ സ്കീമിനെ സംബന്ധിച്ച പരാതികൾ ലോക്കൽ പഞ്ചായത്തിനെയും തഹസീൽദാരെയും ഡിസ്ട്രിക്റ്റ് കളക്ടറേയും വിവരാവകാശനിയമം വഴി അറിയിക്കണം.
9. സുപ്രീം കോടതിയുടെ അനുവാദം കൂടാതെ അന്നപൂർണ്ണ സ്കീം നിറുത്തലാക്കുകയോ നിജപ്പെടുത്തുകയോ ചെയ്യാൻ പാടില്ല.
10. അന്നപൂർണ്ണ സ്കീമിന്റെ പരിധിയിൽ വരുന്നവർ ദരിദ്രരേഖയ്ക്കു താഴെയുള്ളവരായിരിക്കണം.

"If each if the development regions continues to reduce hunger at the current pace, only South America and the Caribbean will reach the Millennium Developement Goal target of cutting the proportion of hungry people by half "

***- Jeaques Diouf***



# VII.4. മദ്ധ്യാഹ്ന ഉച്ചഭക്ഷണ പദ്ധതി (MDMS) സംബന്ധിച്ച 10 കല്പനകൾ

(Ref. SC Orders 2001 Nov 28, 2004 April 20, 2004 Oct 17)

1. സർക്കാർ സ്കൂളിലും എയ്ഡഡ് സ്കൂളിലും പഠിക്കുന്ന എല്ലാ കുട്ടികൾക്കും സൗജല്യമായി ഉച്ചഭക്ഷണം ലഭിക്കാൻ അർഹതയുണ്ട്.
2. ഉച്ചഭക്ഷണം പോഷകമൂല്യമുള്ളതും ശുചിത്വമുള്ളതും വേവിച്ച് ചൂടോടെയുമാണ് ലഭിക്കേണ്ടത്.
3. ഓരോ ഉച്ചഭക്ഷണത്തിലും 450 കലോറി ഊർജ്ജവും, 12 ഗ്രാം പ്രോട്ടീനുമുണ്ടായിരിക്കണം. കുടിക്കാനുള്ള വെള്ളവും കിട്ടണം.
4. ഉച്ചഭക്ഷണം കുട്ടികൾക്ക് സൗജന്യമായി ലഭിക്കണം.
5. വർഷത്തിൽ 200 സ്കൂൾ ദിവസമെങ്കിലും ഉച്ചഭക്ഷണം നൽകണം. വരൾച്ച ബാധിത പ്രദേശങ്ങളിൽ വേനൽ അവധിക്കാല മുഴുവനും നൽകണം.
6. ഉച്ചഭക്ഷണം പാകം ചെയ്യുന്നവരെയും സഹായികളെയും നിയമിക്കുമ്പോൾ, ദലിതർ, പട്ടികജാതികൾ, പട്ടികവർഗ്ഗങ്ങൾ എന്നിവർക്ക് മുൻഗണന നൽകണം.
7. അടുക്കള, മെച്ചപ്പെട്ട അടിസ്ഥാനസൗകര്യങ്ങൾ, കുടിനീരിനുള്ള സൗകര്യമുൾപ്പെടെ കൂടുതൽ നല്ല സംവിധാനങ്ങൾ എന്നിവ ഉണ്ടായിരിക്കാൻ ആവശ്യമായ വ്യവസ്ഥകൾ കൊണ്ടുവരണം
8. ഓരോ സ്കൂളിനും അടുക്കളയും സ്റ്റോറും നിർമ്മിക്കാൻ അറുപതിനായിരം രൂപയുടെ സഹായവും ഓരോ വർഷവും പുതുക്കേണ്ടവ പുതുക്കാൻ അയ്യായിരം രൂപയുടെ സഹായവും സർക്കാർ നൽകണം.
9. ഗ്രാമസഭയും സ്കൂൾമാനേജ്മെന്റും വില്ലേജ് എഡ്യുക്കേഷൻ കമ്മിറ്റിയും ഭക്ഷണത്തിന്റെ ഗുണമേന്മ, അടിസ്ഥാന സൗകര്യങ്ങൾ ഫണ്ടുകളുടെ ഉപയോഗം എന്നിവയുടെ കാര്യത്തിൽ മോണിറ്ററിംഗ് നടത്തണം. എന്തെങ്കിലും കാര്യത്തിൽ ദുരുപയോഗമുണ്ടായാൽ വിദ്യാഭ്യാസ വകുപ്പിനും ജില്ലാകളക്ടർക്കും പരാതി നൽകണം.
10. ഒന്നിച്ചിരുന്നു പഠിക്കാനും ഉച്ചഭക്ഷ്ണം പങ്കുവച്ചു കഴിക്കാനും പഠിപ്പിച്ചുകൊണ്ട്, വിദ്യാലയ അധികാരികൾ ജാതിപരമായ മുൻവിധികൾ മാറ്റിക്കളയണം.

## VII.5. സംയോജിത ശിശുവികസന പദ്ധതി (ICDS) സംബന്ധിച്ച 10 കല്പനകൾ

(Ref.SC Orders 2001 Nov28, 2004 Oct 7, 2006 Dec 13)

1. ആറു വയസ്സിൽ താഴെയുള്ള 40 കുട്ടികൾ വസിക്കുന്ന ഓരോ ഗ്രാമീണ-നഗര പ്രദേശത്തിനും "അംഗൻവാടി" ആവശ്യപ്പെടാനും നേടിയെടുക്കാനും അവകാശമുണ്ട്.
2. ആദിവാസി പ്രദേശങ്ങളിൽ 300 മുതൽ 800 വരെയുള്ള ആളുകളുണ്ടെങ്കിൽ, സമതലങ്ങളിലെ ഗ്രാമങ്ങളിലും പട്ടണപ്രദേശങ്ങളിലും 400 മുതൽ 800 വരെ ആളുകളുണ്ടെങ്കിൽ, അവിടെ ഒരു സംയോജിത ശിശുവികസന സെന്ററോ (ICDS) അംഗൻവാടി സെന്ററോ (AWC) തുടങ്ങാൻ നിങ്ങൾ ആവശ്യപ്പെടണം.
3. ഈ രാജ്യത്തെ പട്ടികവർഗ്ഗക്കാരും പട്ടികജാതിക്കരും താമസിക്കുന്ന എല്ലാ പ്രദേശങ്ങളിലും അംഗൻവാടി കേന്ദ്രങ്ങൾ ഉണ്ടായിരിക്കണം.
4. ആറു വയസ്സുവരെയുള്ള കുട്ടികൾക്ക് ഓരോ ദിവസവും 300 കലോറിയും 8-10 ഗ്രാം പ്രോട്ടീനും കൗമരക്കാരായ പെൺകുട്ടികൾക്ക് 500 കലോറിയും 20-25 ഗ്രാം പ്രോട്ടീനും ലഭിക്കാൻ അർഹതയുണ്ട്.
5. സംയോജിത ശിശുവികസന പദ്ധതി പ്രകാരം ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും വർഷത്തിൽ 300 ദിവസം ദിവസേന 500 കലോറിയും 20-25 ഗ്രാം പ്രോട്ടീനും ലഭിക്കാൻ അർഹതയുണ്ട്.
6. പോഷകാഹരക്കുറവുള്ളവരും, പോഷകാഹാരമില്ലാത്തവരുമായ എല്ലാ കുട്ടികൾക്കും- ജാതിമതവ്യത്യാസമില്ലാതെ-600 കലോറി പോഷകവസ്തുക്കൾ ഡോക്ടർമാരുടെ ശുപാർശപ്രകാരം ലഭിക്കാൻ അർഹതയുണ്ട്.
7. അംഗൻവാടി സെന്ററുകളിൽ വിതരണം ചെയ്യുന്ന അനുബന്ധിത ഭക്ഷണം വിതരണം ചെയ്യാൻ സ്ത്രീകളുടെ പ്രാദേശിക എസ്. എച്ച്. ജി.കളും മഹിളാ മണ്ഡലങ്ങളും പ്രോൽസാഹിപ്പിക്കപ്പെടണം. സംയോജിത ശിശുവികസന പദ്ധതിക്കുവേണ്ടി അനുബന്ധിത പോഷകങ്ങൾ ലഭ്യമാക്കുന്ന പ്രവൃത്തിയിൽ നിന്ന് സ്വാകര്യ കോൺട്രാക്ടരെ തടയണം.
8. രോഗപ്രതിരോധം, ആരോഗ്യപാലന വിദ്യാഭ്യാസം, പ്രി-സ്കൂൾ വിദ്യാഭ്യാസം, അനുബന്ധിത പോഷകങ്ങളുടെ വിതരണം എന്നിവയ്ക്ക് സംയോജിത ശിശുവികസന പദ്ധതിയുടെ കേന്ദ്രങ്ങൾ



ഉപയോഗിക്കണം.

9. കുട്ടികളുടെ തൂക്കം, ശിശുവിന്റെ അമ്മയുടെയും വൈദ്യപരിശോധന, രോഗപ്രതിരോധ കാർഡുകൾ മുതലായവ ആരോഗ്യപാലന രജിസ്റ്ററുകൾ ഓരോ സംയോജിത ശിശുവികസന സ്കീം കേന്ദ്രവും സൂക്ഷിക്കണം.
10. പരാതികളുണ്ടെങ്കിൽ ഡിസ്ട്രിക്റ്റ് കളക്ടർ ,ഡിസ്ട്രിക്റ്റ് പ്രോജക്ട് ഓഫീസർ, സംയോജിത ശിശു വികസന സ്കീമിന്റെ ഡയറക്ടർ എന്നിവർക്ക് റിപ്പോർട്ടു ചെയ്യണം.

## VII.6. ദേശീയ പ്രസവാനുകൂല്യ പദ്ധതി (NMBS) സംബന്ധിച്ച 10 കല്പനകൾ

( Ref. SC Orders 2001 Nov 28,2004 April 22,2005 May 9, 2007 Nov 11)

1. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള (BPL) എല്ലാം ഗർഭിണികൾക്കും, പ്രായപരിധി നോക്കാതെ, ഓരോ പ്രസവത്തിനും 8-12 ആഴ്ചക്കു മുമ്പേ 500രൂപ ലഭിക്കണം.
2. സ്ത്രീസംഘങ്ങളും എസ്.എച്ച്.ജി. കളും തങ്ങളുടെ പ്രദേശത്ത് ദേശീയ പ്രസവാനുകൂല്യ പദ്ധതി (NMBS) യുടെ പ്രയോജനം ലഭിക്കേണ്ടവരെ കണ്ടെത്തണം. ഗ്രാമസഭ അക്കാര്യം അധികാരികളെ അറിയിക്കുകയും വേണം.
3. ഗർഭാവസ്ഥയിൽ പ്രസവത്തിനുമുമ്പുള്ള പരിചരണവും സാമ്പത്തിക സഹായവും പ്രസവസമയത്തും പ്രസവത്തെത്തുടർന്നുള്ള ഘട്ടത്തിലും ആതുരാലയത്തിന്റെ ശുശ്രൂഷയും ഒരു ഹെൽത്തുവർക്കറുടെ സഹായത്തോടെ ഒരു ഹെൽത്തുസെന്ററിൽ നൽകാൻ ജെ.എസ്സ്.വൈ. പരിശ്രമിക്കണം.
4. ഒരു ആതുരാലയത്തിൽ വച്ച് നടക്കുന്ന പ്രസവത്തിന് ഗ്രാമങ്ങളിൽ 1400 രൂപയും നഗരങ്ങളിൽ 1000 രൂപയും ലഭിക്കാൻ അമ്മമാർക്ക് അർഹതയുണ്ട്.
5. പ്രസ്തുത തുക പ്രൈമറി ഹെൽത്ത് സെന്ററിനോ (PHC), ഗ്രാമത്തലവനോ, പഞ്ചായത്ത് പ്രസിഡന്റോ നൽകണം.
6. തുക ഒറ്റ തവണയായി നൽകണം. അമ്മമാർ ആശുപത്രിയിൽ നിന്ന് അല്ലെങ്കിൽ ഹെൽത്ത് സെന്ററിൽ നിന്നും പോകുന്ന സമയത്ത് നൽകുകയും വേണം.
7. ദേശീയ പ്രസവാനുകൂല്യ പദ്ധതി (NMBS) പ്രകാശം ആനുകൂല്യം ലഭിക്കുന്നവരുടെ ലിസ്റ്റ്, പണം കൊടുത്ത തീയതികളോടുകൂടി

പ്രൈമറി ആരോഗ്യ കേന്ദ്രത്തിലോ, സർക്കാർ ആശുപത്രിയിലോ സ്ഥാപിച്ചിട്ടുള്ള ഒരു ബോർഡിൽ പരസ്യപ്പെടുത്തണം.

8. ഈ ആനുകൂല്യം ലഭിക്കുന്നതിൽ താമസം വന്നാൽ വിവരാവകാശ നിയമമനുസരിച്ച് ജില്ലാ കളക്ടർക്ക് പരാതി നൽകണം.
9. ഗർഭിണികളായ എല്ലാ സ്ത്രീകൾക്കും രജിസ്റ്റർ ചെയ്യപ്പെടാനും പ്രസവത്തിന് മുമ്പുള്ള ശുശ്രൂഷ മൂന്നുപ്രാവശ്യം ലഭിക്കാനും, പ്രസവത്തിനുശേഷം രണ്ടുപ്രാവശ്യം ഡോക്ടറെ കാണാനും ഉപരിചികിത്സയ്ക്കായി കൊണ്ടുപോകാനും അർഹതയുണ്ട്.
10. ജെ.എസ്.വൈ ഗുണഭോക്താക്കളെ സംബന്ധിച്ച വിശദവിവരങ്ങൾ എല്ലാ പഞ്ചായത്ത് കെട്ടിടങ്ങളിലും സംയോജിത ശിശു വികസന കേന്ദ്രങ്ങളിലും പൊതു ആരോഗ്യ കേന്ദ്രങ്ങളിലും ബ്ലോക്ക് ആശുപത്രികളിലും ജില്ലാ ആശുപത്രികളിലും പരസ്യപ്പെടുത്തണം.

## VII.7. ദേശീയ വാർധക്യകാല പെൻഷൻ സ്കീം (NOAPS) സംബന്ധിച്ച 10 കല്പനകൾ

(Ref. SC Orders 2001 Nov 28, 2004 April 27, 2004 Nov 18)

1. അറുപത്തഞ്ചുവയസ്സും അതിന് മുകളിലും പ്രായമുള്ള പാവപ്പെട്ട ഏത് വ്യക്തിയും ദേശീയ വാർദ്ധക്യകാല പെൻഷൻ പദ്ധതിയിൽ ഉൾപ്പെടാൻ അർഹതയുണ്ട്.
2. കേന്ദ്ര സർക്കാർ, പെൻഷൻ പറ്റുന്ന ഓരോ വ്യക്തിക്കും മാസം തോറും 200 രൂപ നൽകണം. അത്രയും തുക സംസ്ഥാന സർക്കാരുകളും നൽകാൻ കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്നു.
3. ദേശീയ വാർധക്യകാല പെൻഷൻ പദ്ധതി (NOAPS) പ്രകാരമുള്ള പെൻഷൻ ഓരോ മാസവും 7 -ാം ദിവസം നൽകപ്പെടണം.
4. ഈ പദ്ധതിയിലെ ഗുണഭോക്താക്കളുടെ പേരുവിവരം വില്ലേജ് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കണം.
5. അർഹതയുള്ള ഒരു വ്യക്തിയുടെയും പേര് ലിസ്റ്റിൽ വിട്ടുപോയിട്ടില്ലെന്ന് നിങ്ങൾ ഉറപ്പുവരുത്തണം.
6. ദേശീയ വാർദ്ധക്യകാല പെൻഷനുവേണ്ടിയുള്ള അപേക്ഷ പഞ്ചായത്ത് ഓഫീസിൽ സമർപ്പിക്കുകയും പഞ്ചായത്തിൽ നിന്നുള്ള റിപ്പോർട്ടോടുകൂടി കളക്ടർക്ക് നൽകുകയും വേണം.
7. ദേശീയ വാർധക്യകാല പെൻഷന് അർഹരായി തീരുന്നതിന് കൈക്കൂലി കൊടുക്കുകയോ വാങ്ങിക്കുകയോ ചെയ്യുന്നില്ലെന്ന് നിങ്ങൾ ഉറപ്പുവരുത്തണം.



8. നിങ്ങളുടെ പ്രദേശത്ത് ദേശീയ വാർദ്ധക്യകാല പെൻഷന്റെ പ്രയോജനം ലഭിക്കേണ്ടവർക്ക് എത്രതുക ബജറ്റിൽ വക കൊള്ളിച്ചിട്ടുണ്ടെന്ന് വിവരാവകാശം വഴി നിങ്ങൾക്ക് അറിയുകയും അത് മുതിർന്നവർക്കായി ആവശ്യപ്പെടുകയും വേണം.
9. ഗ്രാമസഭാമഹിളാ മണ്ഡലങ്ങൾ, വിജിലൻസ് കമ്മിറ്റി എന്നിവയെ ഉൾപ്പെടുത്തി ദേശീയ വാർധക്യകാലപെൻഷൻ പദ്ധതിയെ സംബന്ധിച്ച കോടതിയുടെ ഓർഡറുകൾ നടപ്പിലാക്കാൻ ശ്രമിക്കണം.
10. ദേശീയ വാർധക്യകാല പെൻഷൻ പദ്ധതിയെ സംബന്ധിച്ച പരാതികൾ ജില്ലാ കളക്ടർക്കോ തുല്യാധികാരമുള്ളവർക്കോ നൽകണം.

## VII.8. ദേശീയ കുടുംബാനുകൂല്യ പദ്ധതി (NFBS) സംബന്ധിച്ച പത്തുകൽപ്പനകൾ

(Ref. SC Orders 2001 Nov.28, 2004 April 27, 2004 Nov 18)

1. ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള (BPL) കുടുംബങ്ങളിലെ കുടുംബം പോറ്റുന്ന പ്രധാനപ്പെട്ട വ്യക്തി, 18 നും 65 നും ഇടക്കുവയസ്സുള്ള വ്യക്തിയാണെങ്കിൽ, അയാൾ മരണപ്പെട്ടാൽ ദേശീയ കുടുംബാനുകൂല്യ പദ്ധതി (NFBS) 10,000 രൂപ ധനസഹായം നൽകുന്നുണ്ടെന്ന് നിങ്ങൾ ഉറപ്പുവരുത്തണം.
2. സ്വാഭാവിക കാരണങ്ങളാലുള്ള മരണമാണെങ്കിൽ 5000 രൂപയുടെ ധനസഹായം നൽകപ്പെടും.
3. ദേശീയ കുടുംബാനുകൂല്യ പദ്ധതിയിൽ സഹായത്തിന് അപേക്ഷിക്കുന്നതിന് മുമ്പ് മരണ സർട്ടിഫിക്കറ്റ് വാങ്ങിയിരിക്കണം.
4. കുടുംബം പോറ്റുന്ന വ്യക്തിയുടെ മരണശേഷം നാല് ആഴ്ചയ്ക്കുള്ളിൽ, ജീവിച്ചിരിക്കുന്ന കുടുംബനാഥന് 10,000 രൂപ മുഴുവനും ഒന്നിച്ചുകൊടുക്കണം.
5. ആ കുടുംബത്തിന് നാല് ആഴ്ചക്കുള്ളിൽ പ്രസ്തുത തുക എത്തിച്ചേരുന്നില്ലെങ്കിൽ വിവരാവകാശ നിയമം വഴി നിങ്ങൾ അധികാരികളെ സമീപിക്കണം.
6. തുക മുഴുവനും ഒന്നിച്ചുനൽകണം, കൈക്കൂലിയോ കമ്മിഷനോ കൊടുക്കാതെ ലഭിക്കുകയും വേണം.
7. ദേശീയ കുടുംബാനുകൂല്യ സ്കീമിന്റെ (NFBS) നിർവഹണം ഗ്രാമസഭയും വിജിലൻസ് കമ്മിറ്റിയും മഹിളാ മണ്ഡലങ്ങളും ഉറപ്പുവരുത്തണം.
8. ദേശീയ കുടുംബാനുകൂല്യ (NFBS) പദ്ധതിയെ കുറിച്ച് കുട്ടികൾക്ക്

വിവരം നൽകണം. ഈ പദ്ധതി അവരുടെ മാതാപിതാക്കൾ വഴി സമൂഹത്തിലെങ്ങും വ്യാപിക്കാനാണത്.

9. ദേശീയ കുടുംബാനുകൂല്യ പദ്ധതി സംബന്ധമായി എന്തെങ്കിലും പരാതിയുണ്ടെങ്കിൽ നിങ്ങൾ ജില്ലാ കളക്ടറെ സമീപിക്കണം.
10. ദേശീയ കുടുംബാനുകൂല്യ പദ്ധതി സംബന്ധിച്ച് നിങ്ങൾ അയച്ച അപേക്ഷമേൽ തീരുമാനമെന്തെന്ന് അറിയാൻ വിവരാവകാശ നിയമം വഴി കളക്ടറോട് ആവശ്യപ്പെടണം.

## VII.9. ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (NREGS) സംബന്ധിച്ച പത്തുകല്പനകൾ

(Ref. The National Rural Emplyment Guarantee ACT 2005)

1. അവിദഗ്ധ തൊഴിലാളികളുള്ള ഓരോ ഗ്രാമീണ കുടുംബത്തിനും ഒരുവർഷം നൂറുദിവസത്തെ ജോലി ദേശീയ ഗ്രാമീണ തൊഴിൽ പദ്ധതിയനുസരിച്ച് ലഭിക്കണം.
2. ഗ്രാമപ്രദേശത്ത് ജനിക്കുന്ന പതിനെട്ടുവയസ്സുകഴിഞ്ഞ ഏത് വ്യക്തിക്കും ഈ പദ്ധതിപ്രകാരം ജോലികിട്ടാൻ അർഹതയുണ്ട്.
3. സ്ത്രീകൾക്ക് മൂന്നിലൊന്ന് ജോലി മുൻഗണനാടിസ്ഥാനത്തിൽ നൽകപ്പെടും.
4. പഞ്ചായത്തിൽ പേര് രജിസ്റ്റർ ചെയ്ത് 15 ദിവസത്തിനുള്ളിൽ, അഞ്ചുവർഷത്തേക്ക് പ്രാബല്യമുള്ള തൊഴിൽ കാർഡ് (സൗജന്യമായി വില കൊടുക്കാതെ) ലഭിക്കും.
5. പതിനഞ്ചു ദിവസത്തിനുള്ളിൽ ജോലി കിട്ടാതെ വരുന്ന തൊഴിലാളികൾക്ക് തൊഴിലില്ലായ്മ വേതനം നൽകപ്പെടും.
6. സംസ്ഥാനത്തെ കാർഷിക തൊഴിലാളികൾക്ക് ലഭിക്കുന്ന നിയമപരമായ മിനിമം കൂലി ലഭിക്കാൻ ഓരോ തൊഴിലാളിക്കും അർഹതയുണ്ട്.
7. അഞ്ചുകിലോമീറ്റർ ചുറ്റളവിനുള്ളിൽ ജോലി ലഭിക്കണമെന്ന് നിങ്ങൾക്ക് ആവശ്യപ്പെടാം. അഞ്ചുകിലോമീറ്റർ ചുറ്റളവിന് വെളിയിലാണ് ജോലി നൽകുന്നതെങ്കിൽ വേതനത്തിന്റെ 10 ശതമാനം യാത്രാക്കൂലി വാങ്ങിക്കുവാൻ അർഹതയുണ്ട്.
8. കുടിക്കാൻ ശുദ്ധജലം, ശിശുപരിപാലനം, വിശ്രമവേളകളിൽ വിശ്രമിക്കാനുള്ള ശാല, അടിയന്തിര ആരോഗ്യ ശുശ്രൂഷ മുതലായ വിവിധ സൗകര്യങ്ങൾ ജോലിസ്ഥലത്ത് ഉണ്ടായിരിക്കണം.
9. ദേശീയ ഗ്രാമീണ തൊഴിൽ ഉറപ്പ് പദ്ധതി (NREG) അനുസരിച്ച് തൊഴിൽ ചെയ്യുന്ന ഒരു വ്യക്തി മരിക്കുകയോ തൊഴിൽ ചെയ്യു



മ്പോൾ സ്ഥിരമായി അംഗവൈകല്യം ബാധിക്കുകയോ ചെയ്താൽ മരിച്ചുപോയ വ്യക്തിയുടെ അല്ലെങ്കിൽ അംവൈകല്യം ബാധിച്ച വ്യക്തിയുടെ അനന്തരാവകാശിക്ക് കേന്ദ്രസർക്കാരിൽ നിന്നും 25000 രൂപ ലഭിക്കും.

10. മസ്റ്റർ റോളുകൾ, ബജറ്റിൽ നീക്കിവച്ച തുകയും വിവരം, ഗ്രാമസഭയുടെ യോഗത്തിന്റെ മിനിറ്റ്സ്, സോഷ്യൽ ഓഡിറ്റിംഗിന്റെ റിപ്പോർട്ടുകൾ മുതലായ ദേശീയ തൊഴിൽദാന സ്കീമിനെ സംബന്ധിച്ച എല്ലാ രേഖകളും വിവരാവകാശം വഴി നിങ്ങൾക്ക് ലഭിക്കും.

## VII.10. ഭക്ഷണത്തിനുള്ള അവകാശം (RTF) സ്കീമുകളെ സംബന്ധിച്ചുണ്ടാകുന്ന പരാതികളുടെ പരിഹാര മാർഗങ്ങളെക്കുറിച്ചുള്ള പത്തുകൽപനകൾ

1. പൊതുവിതരണ സമ്പ്രദായം (PDS) അന്ത്യോദയ, അന്നപൂർണ്ണ എന്നീ സ്കീമുകളെ സംബന്ധിച്ച നിങ്ങളുടെ പരാതികൾ വിവരവാവകാശ നിയമമനുസരിച്ച് (RTI), താലൂക്ക് സപ്ലൈ ഓഫീസർ, തഹസിൽദാർ, ജില്ലാകളക്ടർ എന്നിവർക്ക് നൽകണം.
2. ദേശീയ കുടുംബാനുകൂല്യ സ്കീം, പെൻഷൻ സ്കീം (NOAPS), ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (NREGS) എന്നിവരെ സംബന്ധിച്ച പരാതികൾ തഹസിൽദാർക്കും ജില്ലാ കളക്ടർക്കും നൽകണം.
3. ഉച്ചഭക്ഷണപദ്ധതി (MDMS) സംബന്ധമായി പരാതികൾ വിദ്യാഭ്യാസ ഓഫീസർ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ (BDO), കളക്ടർ എന്നിവർക്ക് നൽകണം.
4. സംയോജിത ശിശുവികസന പദ്ധതി (ICDS) സംബന്ധിച്ച പരാതികൾ, വിവരാവകാശം (RTI) വഴി ചീഫ് ഡെവലപ്മെന്റ് പ്രോഗ്രാം ഓഫീസർക്കും (CDPO), ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർക്കും (BDO) കളക്ടർക്കും നൽകണം.
5. ദേശീയ പ്രസവാനുകൂല്യ പദ്ധതി (NMBS) സംബന്ധിച്ച പരാതികൾ, പ്രൈമറി ഹെൽത്ത് സെന്ററിലെ (PHC) മെഡിക്കൽ ഓഫീസർക്കും ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർക്കും (BDO) നൽകണം.
6. ഭക്ഷണപരമോ തൊഴിൽപരമോ ആയ സ്കീമുകളുടെയെല്ലാം കണക്കുകൾ ഗ്രാമസഭകൾ സാമൂഹിക ഓഡിറ്റിന് വിധേയമാക്കണം.
7. ഭക്ഷണപരമായ സ്കീമുകളുടെ അധികാരികൾ ഭക്ഷണസ്മീമുകളുടെ ദുരുപയോഗത്തെപ്പറ്റി അന്വേഷണം നടത്തുകയും സമുചിത

മായ നടപടികളെടുക്കുകയും വേണം.

8. ജില്ലാ കളക്ടർ അഥവാ ഡി ഇ ഒ സംസ്ഥാന സെക്രട്ടറി എന്നിവർ പരാതികൾ റിക്കോർഡ് ചെയ്യുകയും രേഖാമൂലമായ രസീത് നൽകുകയും അത്യാവശ്യ നടപടികൾ സ്വീകരിക്കുകയും വേണം.
9. നിങ്ങളുടെ പരാതികൾ ഒറ്റയ്ക്കോ കൂട്ടമായോ ഭക്ഷണ സ്കീമുകൾ നടപ്പിലാക്കുന്ന ഉദ്യോഗസ്ഥരുടെയടുത്ത് സമർപ്പിക്കാവുന്നതാണ്.
10. സ്മീമുകളുടെ പ്രവർത്തനത്തിന്റെ അവസ്ഥ, ഓരോ സ്കീമിന്റെയും ഗുണഭോക്താക്കളുടെ ലിസ്റ്റ് നിങ്ങളുടെ പ്രദേശത്ത് വിവിധ സ്കീമുകൾക്കും പ്രോഗ്രാമുകൾക്കും അനുവദിക്കപ്പെട്ടിരിക്കുന്ന തുക എന്നിവയെ സംബന്ധിച്ച് അറിയാൻ വിവരാവകാശം (RTI) ഉപയോഗപ്പെടുത്തണം.

## VIII. ജനകീയ പ്രസ്ഥാന സംഘാടനം (Building People's Movement) സംബന്ധിച്ച പത്തുകല്പനകൾ

1. മനുഷ്യാവകാശ ലംഘനങ്ങളുടെ സംഭവങ്ങൾ തിരിച്ചറിയുകയും അവയെ പൊതുപ്രശ്നമാക്കി ഉയർത്തിക്കൊണ്ടുവരികയും വേണം.
2. അത്യാവശ്യമുള്ളതും പ്രസക്തവുമായ വിവരങ്ങൾ ശേഖരിക്കണം.
3. ഈ വിഷയത്തിൽ നിങ്ങളോടൊത്ത് പ്രവർത്തിക്കാൻ താൽപ്പര്യമുള്ള വ്യക്തികളെയും ഗ്രൂപ്പുകളെയും പ്രവർത്തനനിരതരാക്കണം.
4. കാര്യക്ഷമമായ പ്രചാരണം വഴി വ്യക്തികളും സംഘടനകളുമായി നെറ്റ്‌വർക്ക് ചെയ്യണം.
5. സമാന ചിന്താഗതിയുള്ള സംഘടനകൾ, അടിസ്ഥാനതലങ്ങളിലെ പൊതുപ്രവർത്തകർ എന്നിവരോടൊപ്പം ബന്ധപ്പെട്ട സർക്കാരുദ്യോഗസ്ഥരുമായി കൂട്ടുചേരണം.
6. അക്രമരഹിതമായ രീതിയിൽ പ്രശ്നങ്ങൾ അവതരിപ്പിക്കണം. എന്നാൽ ശക്തമായ ഇടപെടലിനും പടപൊരുതലിനും പദ്ധതി തയ്യാറാക്കണം.
7. സമർപ്പണബുദ്ധിയുള്ള വാർത്താ റിപ്പോർട്ടർമാരുടെ ഒരു സംഘം നിങ്ങൾക്കുണ്ടായിരിക്കണം. നിങ്ങളുടെ എല്ലാ സംരംഭങ്ങളിലും മാധ്യമങ്ങളെ ഉൾപ്പെടുത്തുകയും വേണം.
8. മനുഷ്യാവകാശ പ്രവർത്തകരുടെയും നിയമജ്ഞരുടെയും സഹായത്തോടെ നിയമനിർമ്മാണ സഭയുടെമേൽ സമ്മർദ്ദം ചെലുത്തണം.
9. കാര്യക്ഷമമായ ഒത്തുപ്രവർത്തനംവഴി ഉദ്യോഗസ്ഥന്മാർ, സർക്കാർ പ്രതിനിധികൾ എന്നിവർ തമ്മിൽ എപ്പോഴും നിങ്ങൾക്ക് ബന്ധങ്ങൾ സ്ഥാപിക്കണം.



10. നിങ്ങൾ കാലാകാലങ്ങളിൽ നിങ്ങളുടെ പ്രവർത്തനങ്ങളെ കൃത്യതയോടെ നിരീക്ഷിക്കുകയും വിമർശന ബുദ്ധിയോടെ വിലയിരുത്തുകയും അതിനുശേഷം അടുത്ത സമരതന്ത്രം രൂപപ്പെടുത്തുകയും വേണം.

## പട്ടിണി നിർമ്മാർജന പരിപാടി

അരക്ഷിതാവസ്ഥയിൽ കഴിയുന്നവർക്ക് ഭക്ഷണം നല്കാൻ വേണ്ടിയും അത് ദീർഘകാലത്തേയ്ക്ക് നിലനിൽക്കുന്നതും ശ്രീ. ദേവീന്ദർ ശർമ്മ (A food and trade policy analyst) നിർദ്ദേശിച്ചിട്ടുള്ള അഞ്ചു കാര്യങ്ങളാണ് താഴെപ്പറയുന്നത്.

1. പ്രകൃതി വിഭവങ്ങൾ ഉപയോഗിച്ച് ചെലവുകുറഞ്ഞരീതിയിൽ മണ്ണിന്റെ ഫലഭൂയിഷ്ടി തിരികെ കൊണ്ടുവന്ന് കാർഷിക മേഖലയെ പുനരുദ്ധരിച്ച് നിലനിൽക്കുന്ന കാർഷികവൃത്തി പരിശീലിപ്പിക്കുക.
2. കർഷകർക്ക് താങ്ങുവില നിശ്ചയിച്ച് മാസവരുമാനം ലഭ്യമാക്കുക. താഴെത്തട്ടിലുള്ളവർക്ക് ചെറുകിട സമ്പാദ്യപദ്ധതി രൂപീകരിക്കുവാൻ നിലനിൽക്കുന്ന പലിശ നിരക്ക് (18 മുതൽ 48%) ഇതിൽനിന്ന് 4 ശതമാനത്തിലേക്കാക്കുക.
3. അന്ത്യോദയ കുടുംബത്തിലെ ഭക്ഷണത്തിനർഹതയുള്ളവർക്ക് പൊതുവിതരണ സമ്പ്രദായം ഒഴിവാക്കി ബീഹാറിലും ഇന്ത്യയുടെ കിഴക്കൻ പ്രദേശങ്ങളിലും ഇപ്പോൾ നിലനിൽക്കുന്നതും പാരമ്പര്യമായിട്ടുള്ളതുമായ ഭക്ഷ്യസുരക്ഷ അതായത് ഓരോ ഗ്രാമങ്ങളിലും ധാന്യസംഭരണി സമ്പ്രദായം ഏർപ്പെടുത്തുക.
4. രാജ്യത്തിലുള്ള മുഴുവൻ ജനങ്ങൾക്കും ആവശ്യാനുസരണം ഭക്ഷണമുണ്ടെന്ന് ഉറപ്പുവരുത്തിയശേഷം മാത്രം ധാന്യങ്ങൾ കയറ്റി അയയ്ക്കുക.
5. അന്താരാഷ്ട്ര വ്യാപാരം, സ്വതന്ത്രവ്യാപാര കരാർ യാതൊരു കാരണവശാലും വീട്ടുകൃഷിയെയോ ഭക്ഷ്യസുരക്ഷയെയോ താറുമാറാക്കുന്ന രീതിയിലുള്ളതാകരുത്.

രാഷ്ട്രീയ നേതാക്കൾ മുൻകൈയെടുത്ത് കാർഷികമേഖല, ഭക്ഷണക്രമരീതി, ഗ്രാമവികസനം, അന്താരാഷ്ട്ര വ്യാപാരം, ഭക്ഷ്യസുരക്ഷ തുടങ്ങിയ മേഖലകളെ പുനഃരുദ്ധരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചെങ്കിലേ രാഷ്ട്രത്തിന്റെ സമഗ്ര വികസനം സാധ്യമാകുകയുള്ളൂ.

## രണ്ടുരൂപയ്ക്ക് അരി ഗോതമ്പ്

കേരളം ഭക്ഷ്യ പൊതുവിതരണ (ഡി) വകുപ്പ്

(സ.ഉ. (കൈ) നമ്പർ 11/2011 / ഭ. പൊ. ഉ- തിരുവനന്തപുരം/ 25-2-2011

**പശ്ചാത്തലം**

* കേരളത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും ഭക്ഷ്യ ധാന്യങ്ങൾക്ക് പൊതുവിതരണ ശൃംഖലയെയാണ് ആശ്രയിക്കുന്നത്
* പൊതു വിപണിയിൽ ഭക്ഷ്യധാന്യങ്ങൾക്ക് അനുഭവപ്പെടുന്ന അമിതമായ വിലകയറ്റം
* സൗജന്യ നിരക്കിൽ ഭക്ഷ്യ ധാന്യങ്ങൾ വിതരണം ചെയ്യുന്ന പദ്ധതി വിപുലമാകേണ്ടതിന്റെ ആവശ്യകത

**പദ്ധതിയുടെ രൂപരേഖ**

* കേരള സംസ്ഥാനത്തെ എല്ലാ റേഷൻകട ഉടമകൾക്കും നിബന്ധനകൾക്ക് വിധേയമായി കിലോയ്ക്ക് രണ്ടുരൂപനിരക്കിൽ ഭക്ഷ്യധാന്യം ലഭ്യമാകും
* 10 കിലോ അരിയും 2 കിലോ ഗോതമ്പും ഒരു റേഷൻകാർഡിന് ഒരുമാസം ലഭിക്കും
* 40 ലക്ഷം കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകും

**അർഹതയുള്ളവർ**

* ബി.പി.എൽ/ എ.എ. വൈ. വിഭാഗത്തിൽപ്പെട്ട മുഴുവൻ കാർഡുടമകളും
* എ.പി.എൽ വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളി, പട്ടികജാതി പട്ടികവർഗ്ഗ, ആശ്രയ പദ്ധതി കുടുംബങ്ങൾ
* ദേശീയതൊഴിലുറപ്പു പദ്ധതിയിൽ 50 ദിവസമെങ്കിലും പണിയെടുത്തിട്ടുള്ളവർ
* അസംഘടിത പരമ്പരാഗത മേഖലയിലെ തൊഴിലാളികൾ

**അർഹതയില്ലാത്തവർ**

* രണ്ടര ഏക്കറിൽ കൂടുതൽ ഭുമിയുള്ള കുടുംബങ്ങൾ
* പ്രതിമാസം 25000 രൂപയിൽ കൂടുതൽ കുടുംബവരുമാനമുള്ളവർ
* 2500 ചതുരശ്ര അടിയിൽ അധികം വലിപ്പമുള്ള വീടുള്ള കുടുംബങ്ങൾ

**പദ്ധതിയുടെ ആനുകൂല്യം ലഭ്യമാകുന്നതിന്**

* അർഹരായവർ ഫോട്ടോ പതിപ്പിച്ച് സ്വയം സാക്ഷ്യപ്പെടുത്തിയ സത്യവാങ്മൂലം സമർപ്പിക്കേണ്ടതാണ്.
* ഇതിനാവശ്യമമായ ഫോറങ്ങൾ സിവിൽ സപ്ലൈസ് ഡയറക്ടർ തയ്യാറാക്കി റേഷൻകാർഡുവഴി വിതരണം ചെയ്യണം
* ഈ പദ്ധതിയുടെ ആനുകൂല്യം അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.
* ഇത് സംബന്ധിച്ച് മറ്റ് സർട്ടിഫിക്കറ്റുകളൊന്നും ഹാജരാക്കേണ്ടതില്ല.





- 1994 ലെ പുലിസ്റ്റർ സമ്മാനത്തിന് അർഹമായ ചിത്രമാണിത്. സുഡാനിലെ ക്ഷാമ കാലത്ത് ഒരു കിലോമീറ്റർ അകലെയുള്ള യുണൈറ്റഡ് നേഷന്റെ ഭക്ഷ്യവിതരണ കേന്ദ്രത്തിലേക്ക് അറും പട്ടിണിയിലായ ഒരു കുട്ടി ഇഴഞ്ഞുപോകുന്ന രംഗമാണ് ചിത്രീകരിക്കപ്പെട്ടിരിക്കുന്നത്.
- കുട്ടി മരിച്ചുവീഴുന്നതും കാത്ത് ഭക്ഷിക്കാനായി കഴുകൻ ഇരിക്കുന്നു. ഈ ചിത്രം ലോകമനസാക്ഷിയെ ഞെട്ടിച്ചു. ശേഷം കുട്ടിക്ക് എന്തുസംഭവിച്ചു എന്ന് ഫോട്ടോ എടുത്ത ഉടൻ സ്ഥലം വിട്ട കെവിൻ കാർട്ടർ എന്ന ഫോട്ടോഗ്രാഫർക്കോ മറ്റാർക്കുമോ അറിയില്ല.
- മൂന്നു മാസങ്ങൾക്കുശേഷം മനോവേദനയോടെ ഫോട്ടോഗ്രാഫർ ആത്മഹത്യ ചെയ്തു.